# വിവേകോദയം

“ശ്രീനാരായണധർമ്മപരിപാലനയോഗം” വക ഒരു മാസാന്തപുസ്തകം.

VIVEKODAYAM.

THE ORGAN OF THE S. N. D. P. YOGAM.

PUBLISHED MONTHLY

പുസ്തകം 6. } 1085 കന്നി { നമ്പർ 6.

## മഹാന്മാരുടെ വിചാരങ്ങളും ഉപദേശങ്ങളും.

൧— ഒരു മനുഷ്യനെസംബന്ധിച്ച പ്രധാനമായ വസ്തുത അവന്റെ മതമാണെന്നുള്ള ചൊല്ല് എല്ലാപ്രകാരത്തിലും സാധുവായിട്ടുള്ളതാകുന്നു. ഒരു മനുഷ്യസമുദായത്തിനും ഇതങ്ങിനെതന്നെ. മതം, എന്നുവച്ചാൽ ഒരാൾക്കു ജാത്യാ ഏർപ്പെട്ടിരിക്കുന്നതും, തന്റെ വിശ്വാസവിഷയമെന്നു താൻ പ്ര[illegible]ിച്ചു നടക്കുന്നതുമായ മതസിദ്ധാന്തങ്ങളെന്നല്ല ഞാൻ ഇവിടെ അർത്ഥമാക്കുന്നതു്. പിന്നെയോ, ഒരു മനുഷ്യൻ ദുർവിജ്ഞേയമായ ഈ പ്രപഞ്ചത്തോടുതനിക്കുള്ള പ്രധാനമായ സംബന്ധത്തെയും, തന്റെ കർത്തവ്യങ്ങളേയും, അവസാനഗതിയേയുംകുറിച്ചു ഏതിനെ ഖണ്ഡിതമായറികയും, ഹൃദയാ കൊണ്ടു വാസ്തവമായി വിശ്വസിക്കയും ചെയ്യുന്നുവോ അതെന്താണ്; അതാണ് ഒരുവന്റെ സകല പ്രവൃത്തികൾക്കും ഹേതുവും, നിയാമകവുമായിരിക്കുന്നതു്. കാർലൈൽ.

ഈശ്വരനെ ധീരതയോടെനോക്കി ഇങ്ങിനെപറയുക! അവിടത്തെ തിരുവുള്ളംപോലെ ഭാവിയിൽ എന്നോടു പെരുമാറുക. അവിടത്തെ മനസ്സുതന്നെയാണ് എന്റെയും മനസ്സ്. ഞാൻ അവിടത്തെവകയാകുന്നു. അവിടത്തെ ഇഷ്ടമുള്ള യാതൊന്നിനേയും ഞാൻ വിസമ്മതിക്കുന്നില്ല. അവിടത്തേക്കു ബോധിച്ച മാർഗ്ഗത്തിൽ എന്നെ കൊണ്ടുപോയ്ക്കൊൾക. അവിടത്തെ ഇഷ്ടമുള്ള ഉടുപ്പുകൾകൊണ്ടു എന്നെ അണിയിക്കുക. ഞാൻ ഒരു ന്യായാധിപതിയോ, ഒരു സാധാരണ മനുഷ്യനോ ആയിരിക്കയോ സ്വരാജ്യത്തിൽ താമസിക്കയോ നാടുകടത്തപ്പെടുകയോ, ദരിദ്ര

നൊ ധനവാനൊ ആയിരിക്കയൊ ഏതാണവിടേക്കിഷ്ടം അങ്ങിനെ ചെയ്യാം. ആ സ്ഥിതിയിലെല്ലാം അവിടത്തെ ഇഷ്ടാനുസാരം വത്തിപ്പാൻ ഞാൻ സന്നദ്ധനായിരിക്കുന്നു.

മാക്കീസ് അറീലിയസ്.

താൻ ധമ്മിഷ്ഠനാണെന്നു ജനങ്ങൾ അറിവാനായി ദാനം ചെയ്യുകയും, ഈശ്വരനിൽ വിശ്വസിക്കാതിരിക്കയും ചെയ്യുന്ന മനുഷ്യൻ മണ്ണിൽ മറഞ്ഞുകിടക്കുന്ന തീക്കല്ലിനു തുല്യമാകുന്നു. അതിന്റെ മേൽ വലിയ മഴപെയ്താലും അതു കുറേക്കൂടി കഠിനമായിത്തീരുകയെയുള്ളു. അങ്ങിനെയുള്ളവർ അവരുടെ സ്വത്തുകൊണ്ടു ക്ഷേമാഭിവൃദ്ധിയെ പ്രാപിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അവിശ്വാസികൾക്കു ഈശ്വരൻ നല്ലവഴി കൂട്ടുന്നില്ല. തന്റെ വകകൾ ഈശ്വരന്റെ പ്രീതിയെ ആഗ്രഹിച്ചും ആത്മാവിന്റെ നിത്യഗുണത്തിനുമായി ദാനംചെയ്യുന്നവരാകട്ടെ മലമേലുള്ള ഒരു തോട്ടംപോലെ ആകുന്നു. അതിന്മേൽ വലിയ മഴപെയ്താൽ ഇരട്ടിഫലങ്ങൾ ഉണ്ടാകുന്നു. മഴയില്ലെങ്കിൽകൂടിയും അതിന്റെമേൽ എപ്പോഴും ഹിമകണങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കും. നിങ്ങൾ ചെയ്യുന്നതൊക്കെയും ഈശ്വരൻ കാണുന്നു.

മുഹമ്മദനബി.

രക്തത്തിൽ ജാതിയില്ല. എല്ലാവരുടേയും രക്തം ഒരു നിറമായിരിക്കുന്നു. കണ്ണീരിലും ജാതിയില്ല; അതാക്കും ഉപ്പുരസത്തോടു കൂടിത്തന്നെ പ്രവഹിക്കുന്നു. നെററിയിൽ തിലകത്തോടും കഴുത്തിൽ പൂണുനൂലോടും കൂടി ഒരു മനുഷ്യൻ ജനിക്കുന്നുമില്ല. സൽകമ്മം ആരു ചെയ്യുന്നുവോ അവനാണു് ബ്രാഹ്മണൻ. ദുഷ്കമ്മം ചെയ്യുന്നവൻ ആരായാലും നീചനുമാണു്.

ബുദ്ധമുനി.

ഏതു കാര്യമായിട്ടുള്ള ശുദ്ധതയാണു് ശിഷ്യനുള്ളതു്. പണങ്ങളെയൊ നിക്ഷേപങ്ങളെയൊ തള്ളിക്കളഞ്ഞിട്ടു അതു ഒരു പാവയെ തിരഞ്ഞെടുക്കുന്നു അതുപോലെയാണു് ഈശ്വരഭക്തനും അവനല്ലാതെ മററാക്കും ലോകത്തുള്ള സംബന്ധങ്ങളേയും ബന്ധുമതിയേയും എപ്പോഴും ഉപേക്ഷിച്ചു ഈശ്വരനെമാത്രം മുറുകെ പിടിപ്പാൻ സാധിക്കയില്ല.

രാമകൃഷ്ണപരമഹംസർ.

ഒരാഗ്രഹമോ ഒരാവശ്യമോ ഏതുകാലംവരെ ശേഷിച്ചിരിക്കുന്നുവൊ പൂർണ്ണതയുണ്ടായിട്ടില്ലെന്നുള്ളതിനു അതു് നിശ്ചിതമായ അടയാളമാകുന്നു. അതുവരെ സ്വാതന്ത്ര്യമില്ല. ഒരു പൂർണ്ണവും

സ്വാതന്ത്ര്യവുമായ വസ്തുവിന്നു ഒരാഗ്രഹവും ഉണ്ടാവാൻ പാടുള്ളതല്ല. ഈശ്വരന്നു ഒരാവശ്യവുമുണ്ടാവാൻ തരമില്ല. ആഗ്രഹിക്കുന്നു എങ്കിൽ അദ്ദേഹത്തിന്നു ഈശ്വരനാവാൻപാടില്ല. അദ്ദേഹം അപൂർണ്ണനായിപ്പോകും; അതുകൊണ്ടു ഈശ്വരൻ ഇങ്ങിനെ ആഗ്രഹിച്ചു ഇങ്ങിനെ ആഗ്രഹിച്ചു സന്തോഷിച്ചു, കോപിച്ചു, എന്നും മററുമുള്ളതെല്ലാം കേവലം കുട്ടികളുടെ പ്രലാപമത്രെ. അതിന്നൊരർത്ഥവുമില്ല. അതുകൊണ്ടാണ് എല്ലാ വല്യഗുരുക്കന്മാരും ഒന്നിനേയും ആഗ്രഹിക്കാതിരിപ്പിൻ! എല്ലാവറേറയും ഉപേക്ഷിപ്പിൻ!! പൂർണ്ണതൃപ്തിയെ പ്രാപിപ്പിൻ!! എന്നുപദേശിക്കുന്നതു.

വിവേകാനന്ദസ്വാമി.

---

## സാമാന്യധർമ്മങ്ങൾ

[ തുടർച്ച ]

### പിതൃഭക്തി

പുത്രോദയത്തിന്നായച്ഛനമ്മമാർ പെട്ട പാടിന്നു,
പററാപ്രത്യുപകാരങ്ങൾ പലനൂററാണ്ടു ചെയ്കിലും ൧൭
ഇവർക്കു ചെയ്യുരണ്ടാൾക്കും ഹിതമാംകാര്യന്നും സദാ
ഈമൂന്നാളും പ്രസാദിക്കിലെല്ലാമായി തപസ്സുകൾ ൧൮
മൂന്നാൾക്കിവർക്കേഴും സേവ മുഖ്യമായ തപസ്സുപോൽ
അനുജ്ഞയിവരേകായ്കിലന്യധർമ്മങ്ങൾ ചെയ്യൊലാ ൨൦
മൂന്നാൾക്കിവർക്കു തെററായ്കിൽ മൂപ്പാരും ഗേഹിനേടിടും
വിളങ്ങിയുല്ലസിച്ചീടും വിണ്ണിൽവാനോർക്കണക്കവൻ ൨൧
മാന്യമാമിവർമൂന്നാളെ മാനിപ്പോൻ ചെയ്യതാകവെ
അവമാനിപ്പവൻ ചെയ്യതത്രയും ഫലശൂന്യമാം ൨൨
ഇവർമൂന്നാളുജീവിക്കും വരെ വേറൊന്നു ചെയ്യൊല
ഇവർതൻ സേവതാൻ ചെയ്വൂനിത്യം സ്വഹിതകാംക്ഷികൾ ൨൩
അവർക്കേതൊത്തിരിക്കുന്നാപ്പുണ്യകർമ്മങ്ങൾ ചെയ്യുക
അവരോടറിവിച്ചീട്ടുകയ്യുംത്രികരണങ്ങളാൽ ൨൪
ഇവർമൂവരിലീവണ്ണംചെയ്യാൽചെയ്യേണ്ടൊക്കയുംനരൻ
ഇതുസാക്ഷാൽപരംധർമ്മംമററെല്ലാമുപധർമ്മമാം ൨൫

### ഗുരുഭക്തി.

അൽപ്പമോഭൂരിയൊശാസ്ത്രമഭ്യസിപ്പിച്ചീടാമൊരാൾ
ആയാളുംഗുരുവെന്നോർക്ക വിദ്യയ്ക്കുപകരിക്കയാൽ ൨൬
ഇരിക്കുഗുരുമുമ്പാകെത്താഴെ, താഴെക്കിടക്കുക,

ഗുരുവിൻദൃഷ്ടിമുമ്പെങ്ങു മേകനായ് ചെന്നിരിക്കൊലാ ൨൭
ഗുരുവിന്റെവെറുംപേരു മറവിൽപോലുമോതൊലാ
തദീയഗതിചേഷ്ടാദി താൻതെല്ലനുകരിക്കൊലാ ൨൮
ഗുരുവിന്നപവാദംതാൻ നിന്ദതാൻകേട്ടദിക്കതിൽ
എത്തിയാൽ ചെവിപൊത്തീട്ടു കല്ലെന്നാൽവിട്ടൊഴിക്കുക ൨൯
ഗുരുശയ്യാസനാരോഹം ചെയ്യായ്കഗ്ഗുണമായിടാ
ആസനംവിട്ടേററുചെന്നും വന്ദിക്കേഗ്ഗുരുവെത്തിയാൽ ൩൦

---

സ്വാമിതിരുനാൾ

# മംഗളങ്ങൾ.

—:o:—

ആനന്ദശ്രീ വിളങ്ങും ഗുരുവരചരണാംഭോരുഹം കണ്ടു കുമ്പി
ട്ടാനന്ദംപൂണ്ടുവാഴ്‌വാൻ ഹൃദി ബത പെരുകുന്നാശയാലാശ്രയിച്ചേൻ;
സ്വാനന്ദാ സ്വീകരിച്ചിട്ടടിയനെയനിശം കാത്തുരക്ഷിക്കണം ബ്ര–
ഹ്മാനന്ദംപൂണ്ടുവാഴും ഗുരുവര, ചരണാംഭോരുഹം കുമ്പിടുന്നേൻ.

കാടാകും മാനസത്തിൻ വളരുമൊരു തരുക്കൂട്ടമപ്പോടു വെട്ടി
ക്കാടെല്ലാംപോക്കുവാനായ്‌വരിയൊരു മഴുവാം നിൻ ഗുരോസ്സൽകൃപാ!–
നാടാകുംകൂട്ടക്രോധതിമിരകസവാമംശദേശേത്തുവള്ളി– (ക്കായ്
ക്കാടാകുംവീട്ടിലുള്ളോൻഗുരുവരചരണാംഭോരുഹം കുമ്പിടുന്നേൻ.

മാതാവിൻഗർഭപാത്രേ മരുവുമളവനന്തങ്ങളാം ചിന്തയെന്ന
ഞ്ഞാതുന്ന വേദമെന്നാലതു പുനരറിയുന്നില്ലപോൽ മായയാലെ,
ധാതാവിൻ കല്പിതത്തിൽ സ്ഥിതിയുമറിയുവാൻ നാവതല്ലെന്നമൂലം
വേദാന്തജ്ഞാതലാകുംഗുരുവരചരണാംഭോരുഹം കുമ്പിടുന്നേൻ

സംസാരേ പെട്ടുപാരം പലതുമിഹ മഹാപാപകർമ്മങ്ങൾ ചെയ്തേൻ
ഹിംസാസ്തേയാദിയെന്നോർത്തനുദിനമെരിയുന്നന്തരംഗം മഹാത്മൻ!
പുംസാമിന്നോർത്തുകണ്ടാൽഗുരുവര കരുണാലാഭമൊന്നില്ലയെന്നാൽ
കിംസാരംമർത്ത്യജന്മം? ഗുരുവര, ചരണാംഭോരുഹം കുമ്പിടുന്നേൻ.

വള്ളിക്കാടൻ കുമാരൻ
കോഴിക്കോട്.

ഈനാനാട്ടുവിവാഴമീഴവകുലത്തിന്നാലയോഗ്യംപരി–
ഷ്കാരം വേണ്ടതു കിട്ടിടാതുഴലവേ ദൈവം! കൃപാംഭോനിധി
താനംശംഭുവിചെൻവന്നവതരിച്ചുള്ളോരു സന്മൂർത്തിയാം
ശ്രീനാരായണയോഗിവര്യനയുതംകൊല്ലാസ്സുഖംവാഴണേ!

കെ വി. കണ്ണൻ എഴുന്നാരുമ്പ്:

ഭൂദേവന്മാർ മഹാന്മാ, രമിതഗുണമെഴും കാവ്യകൎത്താക്കളെന്ന
ല്ലാദിക്കിൽ പെട്ടനാനാജനതതി, പരമാനന്ദസന്ദോഹമാൎന്നു
വാദംവിട്ടിന്നുവാഴ്ത്തും വിമലിതധിഷണൻ വിഷ്ണുദേവാംശഭൂതൻ
ഖേദംകാട്ടിൽകടത്തീബ്ഭുവിബഹുദിവസംവാഴണെ നാണുദേവൻ

ചിറയിൻകീഴ് എം. സി. കുഞ്ഞിരാമ.

---

നാരായണഗുരുപാദപഞ്ചകം

ആനന്ദാമൃതമുള്ളിനുള്ളിലമരും പൂമൊട്ടിൽ നിന്നൂറിടി-
ഞ്ഞാനെന്നും ബത നീയുമെന്നുമറിവില്ലാതെ യിരുന്നേറെനാൾ,
ജ്ഞാനംപിന്നെയുദിച്ചുവൻകൃപാധനംച്ചീയാദിമശ്രീഗുരു
സ്ഥാനംഹാ! സുമനസ്സുകൾക്കനിതരാരാമാമന്ദമേകുന്നിതാ. ൧

സാരാസാരമറിഞ്ഞു സൂക്ഷ്മസദൃശാ സാരംസ്ഥിരംലോകരേ!
പാരാനശ്വരമിപ്രപഞ്ചമിതിനെകാംക്ഷിച്ചിടാതെപ്പൊഴും.
നേരായ്ഭക്തിയോടത്തലെന്യേശിവനെസ്സേവിക്കണംമേൽസുഖം
ചേരുംനിശ്ചലമാനന്ദമെന്നരുളുമദ്ദിവ്യൻനമുക്കാശ്രയം. ൨

ആകാശത്തിൽവിളങ്ങിടുംഹിമകരൻ ശ്രീമൽകലാനാഥനി
ങ്ങാകെക്രൂരിരുൾനീക്കി നീളെവെളിവേകീടുന്നപൊൽഭൂമിയിൽ
ഹാകാരുണ്യപയോധി "നാണുഗുരുവാം" ചന്ദ്രൻപ്രകാശിച്ചിതാ
ശ്രീകാളുംകരമിങ്ങുയൎത്തിയകലത്താക്കുന്നുഗാഢംതമഃ ൩

പാകംപൂണ്ടൊഴുകുന്നൊരശ്രുതിരസംജ്ഞാനാമൃതംകിട്ടുവാൻ
നാകേശന്നുമെളുപ്പമല്ലതുനമുക്കാവശ്യമുണ്ടെങ്കിലോ
ആകൂതത്തൊടുചിന്തചെയ്യൊരുമനസ്സാകുന്നനാൾമുക്തിയെ
നൽകുംസംശയമില്ല; നാണുഗുരുപാദംതാൻ നമുക്കാശ്രയം. ൪

നാനാശാസ്ത്രമറിഞ്ഞതിങ്കലുരചെയ്തീടുംവിധം നല്ലപോ
ലൂനംവിട്ടനുചരിച്ചതുപഠിപ്പിച്ചുംവസിച്ചനഘം,
ആനന്ദാബ്ധിയിൽമുങ്ങിയങ്ങിനെവിളങ്ങീടുംപരാത്മജ്ഞനാം
ശ്രീനാരായണദേശികൻ ശ്രേയമെനിക്കേകീടണംമേല്ക്കുമേൽ ൫

പി. കെ. കേശവൻ.

---

ശിവഗിരിമഠത്തിന്റെ ഭാവിയെസംബന്ധിച്ച ശിഷ്യന്മാരോടുള്ള
ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടെ

# സന്ദേശം.

——:o:——

൧. മതത്തിന്റെ സാമാന്യതത്വത്തെജനസാമാന്യത്തിന്നു ഉ

ഉപദേശിക്കയും, ഈശ്വരഭക്തിയെ എങ്ങും പ്രചരിപ്പിക്കയും ചെയ്യുക.

൨. ബാഹ്യാഭ്യന്തരശുദ്ധിയെ അല്ലെങ്കിൽ ത്രികരണവിശുദ്ധിയെ സമ്പാദിപ്പാൻ ജനങ്ങളുടെ ഇടയിൽ വേണ്ടുംവിധം യത്നിക്കുക.

൩. അഹിംസാ, സ്നേഹം, ഐകമത്യം ഇവയുടെ മാഹാത്മ്യത്തെ ജനങ്ങളുടെ ഇടയിൽ പ്രസംഗിക്കയും, അവയെ അനുഷ്ഠിപ്പിക്കുകയും ചെയ്യുക.

൪. സാധുജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസസ്ഥിതിയെ നന്നാക്കുക.

൫. വാസനയുള്ള യുവാക്കളെ തിരഞ്ഞെടുത്ത് ബ്രഹ്മചാരികളായി സ്വീകരിച്ച് പഠിപ്പിക്കുകയും അവരിൽ മനസ്സംയോഗ്യതയും ഉള്ളവർക്ക് സന്യാസം നൽകി പരോപകാരാർത്ഥം പ്രവർത്തിപ്പാൻ വിട്ടയക്കുകയും ചെയ്യുക.

---

## തിരുവിതാംകൂർ ഗവർന്മെന്റ്

# പ്രൊസീഡിംഗസ്.

൧൦൮൭- ജൂൺ ൩൦-ാം-ലെ പ്രൊസീഡിംഗസ് നമ്പർ ഇ. ൨൦൪൪-ൽ അതിനോടു ചേർത്തിരുന്ന ലിസ്റ്റിൽ വിവരിച്ച ൬൧ സ്കൂളുകൾ ഒഴിച്ചു സംസ്ഥാനത്തുള്ള മറ്റെല്ലാ സർക്കാർ ആൺപള്ളിക്കൂടങ്ങളിലും ഈഴവർക്ക് പ്രവേശം അനുവദിക്കണമെന്ന ഗവർന്മെന്റ് ആജ്ഞാപിച്ചു. അതിന്റെശേഷം അടിയിൽ കാണുന്ന സ്കൂളുകളിൽകൂടി ഈഴവർക്ക് പ്രവേശം അനുവദിച്ചു.

| | | | |
|---|---|---|---|
| ൧- | ചെങ്കോട്ട | ആൺ മലയാള മിഡിൽസ്കൂൾ | |
| ൨. | ഞാറ്റൂർ | ടി. | ടി. |
| ൩. | കരുനാഗപ്പള്ളി | ടി. | ടി. |
| ൪. | വെൺമണി | ആൺ അപ്പർ പ്രൈമറിസ്കൂൾ | |
| ൫. | ആല | ടി. | ടി |
| ൬. | മണമ്പൂർ | ആൺ ലോവർ പ്രൈമറിസ്കൂൾ | |
| ൭ | നാവായ്ക്കുളം | ടി. | ടി. |
| ൮. | വെമ്പായം | ടി. | ടി. |
| ൯. | ഐമനം ആൺ | അപ്പർ പ്രൈമറിസ്കൂൾ | |

൨- അഞ്ചാമത്തു പ്രജാസഭായോഗത്തിൽ, ഈഴവർക്ക് പ്രവേശം അനുവദിക്കാത്ത സ്കൂളുകൾ അവർക്ക് പ്രവേശ്യമായ സ്ഥാ

---

* ഗവർന്മെന്റിൽനിന്നു യോഗപ്രതിനിധി എൻ. കുമാരൻ ആശാൻ അവർകൾക്കു അയച്ചുകൊടുത്തതിന്റെ തർജ്ജിമ.

ലങ്ങളിൽ മാററിസ്ഥാപിപ്പാൻ ഉടനെ ഏർപ്പാടുചെയ്യണമെന്നു എസ്. എൻ. ഡി. പി. യോഗം പ്രതിനിധി അപേക്ഷിച്ചു. അതിന്മേൽ, ആലോചനയ്ക്കു വിഷയമായിക്കാണുന്ന ബാക്കിയുള്ള സ്ക്കൂളുകളെപ്പററി നടത്തിയ നടപടികളെസംബന്ധിച്ചു റിപ്പോർട്ടുചെയ്വാൻ വിദ്യാഭ്യാസമേലധ്യക്ഷനോടു ആവശ്യപ്പെട്ടു.

വിദ്യാഭ്യാസമേലധ്യക്ഷൻ ഡാക്ടർ മിച്ചൽ അവർകൾ (മേൽവായിച്ച) തന്റെ കത്തിൽ ൧൦൯൪ ആരംഭത്തിൽ തെക്കൻ റേഞ്ചിൽ ഈഴവർക്കു അപ്രവേശ്യമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്ന ൧൪-സ്ക്കൂളുകളിൽ കൃസ്ത്യൻകോയിൽ, അഴകിയപാണ്ടിപുരം, ദർശനംകോപ്പ, തേരൂർ, എരവിപുത്തൂർ, പറക്കൽ ഈ സ്ഥലങ്ങളിലെ സ്ക്കൂളുകൾ അതിനുശേഷം മററുസ്ഥലങ്ങളിൽ മാററിസ്ഥാപിക്കയും ഈഴവർക്കു പ്രവേശം അനുവദിക്കയും ചെയ്തു എന്നും, താഴക്കുടിയിലേയും സാംബൂർവടകരയിലേയും സ്ക്കൂളുകൾ കൂടിയ വേഗത്തിൽ അതുപോലെ മാററിയിടുന്നതാണെന്നും, ആയിക്കുടി സ്ക്കൂൾ വേറൊരുദിക്കിൽ മാററിയിടുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ചു കൂടുതൽ അന്വേഷണങ്ങൾ നടത്തുമെന്നും വക്കലെ, പാറശ്ശാല, കായംകുളം ഈ സ്ഥലങ്ങളിലേ സ്ക്കൂളുകൾക്കു ഗവർമ്മെന്റു ചിലവിന്മേൽ കെട്ടിടങ്ങൾ ഉണ്ടാക്കാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും ശേഷം ആലോചിക്കേണ്ടതായി ഇപ്പോൾ ഉള്ളതു് വള്ളിക്കോട്, അനന്തപുരം, ഭൂതപ്പാണ്ടി, പത്തനാപുരം, പട്ടാഴി, കുന്നത്തൂർ ഈ ൬ സ്ക്കൂളുകൾ മാത്രമാണെന്നും, ഈ സ്ക്കൂളുകളും സൌകര്യമുള്ള സ്ഥലങ്ങളിൽ മാററിസ്ഥാപിപ്പാൻ വേണ്ട ഏർപ്പാടുകൾ ൧൦൯൫-ൽ ചെയ്യാമെന്നു താൻ വിചാരിക്കുന്നു എന്നും റിപ്പോർട്ടുചെയ്തിരിക്കുന്നു.

൪. വടക്കൻ റേഞ്ചിൽ ൯൪ ആരംഭത്തിൽ ഈഴവർക്കു പ്രവേശം അനുവദിക്കാതിരുന്ന സ്ക്കൂളുകൾ ൯൪ ആണെന്നും, അവയിൽ പുത്തേത്തു് എന്ന സ്ഥലത്തേയും ചങ്ങനാശേരിയിലേയും സ്ക്കൂളുകളിൽ അതിനുശേഷം അവർക്കു പ്രവേശം അനുവദിച്ചു എന്നും, എരമല്ലൂരിലേയും തിരുവാറ്റിലേയും സ്ക്കൂളുകളിൽ അവരെ പ്രവേശിപ്പാൻ ഏർപ്പാടു ചെയ്തിരിക്കുന്നു എന്നും, ചേർത്തല ഇംഗ്ലീഷു മിഡിൽസ്ക്കൂളിന്റെയും മുട്ടാർ, വയലാർ ഈ പ്രൈമറിസ്ക്കൂളുകളുടേയും കെട്ടിടങ്ങൾ പണിചെയ്വാൻ ഏർപ്പാടു ചെയ്തിരിക്കുന്നു എന്നും, അമ്പലപ്പുഴ ആൺ മലയാംപള്ളിക്കൂടവും, കുമാരപുരം, പത്തിയൂർ, കല്ലൂർകോട, വിയാപുരം, കുന്നത്തു, കൈപ്പുഴ, കടുത്തുരുത്തി, നാട്ടകം ഈ സ്ഥലങ്ങളിലെ സ്ക്കൂളുകളും, മാററിസ്ഥാപിക്കു

നതിനു തക്കതായ സ്ഥലങ്ങളെസംബന്ധിച്ചു എഴുത്തുകുത്തുകൾ നടന്നുവരുന്നു എന്നും ഡാക്ടർ മിച്ചൽ റിപ്പോർട്ടു ചെയ്യുന്നു. കൊടുക്കാത്ത സ്‌കൂളിനെപ്പറ്റി ഡാക്ടർമിച്ചൽ പറയുന്നതെന്തെന്നാൽ ആ സംഗതി അവിടത്തെ ഇംഗ്ലീഷ് ഹൈസ്‌കൂൾ കെട്ടിടത്തെ വലുതാക്കുന്നതോടു സംബന്ധിച്ചിരിക്കുന്നു എന്നാകുന്നു. ആ വിഷയത്തിൽ ഗവർന്മെന്റിനെ പ്രത്യേകം വിജ്ഞാപിക്കാമെന്നും അദ്ദേഹം ഏററിരിക്കുന്നു. ബാക്കിയുള്ള ഏഴു സ്‌കൂളുകളെ അതായതു എടപ്പള്ളി, ചേരാനല്ലൂർ, മഞ്ഞപ്ര, കോട്ടപ്പുറം അയിരൂർ, വടക്കേക്കര, എഴിക്കര ഈ സ്ഥലങ്ങളിലെ സ്‌കൂളുകളെപ്പററി ൧൦൮൭—ൽ പര്യാലോചിക്കുമെന്നു ഡാക്ടർമിച്ചൽ റിപ്പോർട്ടുചെയ്യുന്നു.

## അതിന്മേൽ ആഡർ.

നമ്പർ ഇ. ൨൦൬൫. തിരുവനന്തപുരം ൧൦൮൭ ഒക്ടോബർ ൫.

സർക്കാർ ആൺപള്ളിക്കൂടങ്ങളിൽ ഈഴവർക്കു പ്രവേശം അനുവദിക്കുന്ന വിഷയത്തിൽ എടുത്തിട്ടുള്ള നടപടികളെ മഹാരാജാവുതിരുമനസ്സിലെ ഗവർന്മെന്റു കാണുന്നു. ഈഴവർക്കു ഇപ്പോൾ പ്രവേശം ഇല്ലാത്ത എല്ലാ ആൺപള്ളിക്കൂടങ്ങളിലും ൧൦൮൭-ാമാണ്ടു അവസാനിക്കുന്നതിനുമുമ്പു അവർക്കു പ്രവേശം അനുവദിക്കപ്പെടുമെന്നു ഗവർമെന്റു വിശ്വസിക്കുന്നു.

൨- വൈക്കം ഇംഗ്ലീഷ് ഹൈസ്‌കൂളിൽ ഈഴവരുടെ പ്രവേശത്തെസംബന്ധിച്ചു ഈയിടെ തടസ്സംപുറപ്പെട്ടുതുടങ്ങിയിരിക്കുന്നതായി ഡാക്ടർമിച്ചൽ അവർകളുടെ റിപ്പോർട്ടിൽനിന്നു കാണുന്നു. ഈമാതിരി പുതിയതടസ്സങ്ങളെ ഗണ്യമാക്കാൻ ഗവർന്മെന്റു വിചാരിക്കുന്നില്ല.

വൈക്കം സർക്കാർ ഇംഗ്ലീഷ് സ്‌കൂളിൽ ഈഴവർക്കു പ്രവേശം അനുവദിച്ചുണ്ടായിട്ടുള്ള ൧൦൮൦- ജൂൺ ൩-ാം-ലെ. ഇ. ൨൦൪൭ാംനമ്പർ ഗവർന്മെന്റുത്തരവിനെ നടപ്പിൽവരുത്താൻ വിദ്യാഭ്യാസമേലദ്ധ്യക്ഷൻ നോക്കേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം

ഏ. ജേ. വിയറ (ഒപ്പ്)

ഗവർന്മെന്റുചീഫ്സിക്രട്ടറി

# സുജാതാ.

——:o:——

രണ്ടായിരത്തിഞ്ഞൂറു കൊല്ലങ്ങൾക്കുമുമ്പ്, (ബുദ്ധമുനി ജീവിച്ചിരുന്നകാലത്തു) ഉത്തരയിന്ത്യയിൽ ഉരുവേല് എന്ന വെളിപ്രദേശത്തിന്നസമീപം സ്വാന്തംനാമത്താൽ ശ്രുതിപ്പെട്ടിരുന്ന ഒരു ഗ്രാമത്തിൽ സേനാനിയെന്നു പേരായി ധനികനും ധൎമ്മിഷ്ഠനുമായ ഒരു ഗൃഹസ്ഥൻ സുഖമായിപാൎത്തുവന്നിരുന്നു. ഈ ലേഖനത്തിന്റെ മുകളിൽകാണുന്നതു് സുശീലയും, സുന്ദരിയുമായ അദ്ദേഹത്തിന്റെ ധൎമ്മപത്നിയുടെപേരാകുന്നു. ഒരു സ്വൎണ്ണപ്പാത്രംനിറച്ചു താൻതന്നെ വച്ചിട്ടുണ്ടാക്കീട്ടുള്ള അമൃതതുല്യമായ വഴിപാടു ഭക്തിപൂൎവ്വംതലയിൽ എടുത്തു, ഒരുകയ്യാൽപിടിച്ചുകൊണ്ടും, പ്രസവിച്ചുഏതാണ്ടു മൂന്നുമാസം തികഞ്ഞിരിക്കാവുന്ന അതികോമളാകാരനായ ഒരു ആൺകുട്ടിയേ മറേറക്കയ്യാൽ മാറോടുചേൎത്തു താങ്ങിക്കൊണ്ടും സുജാത സമീപമുള്ളഒരു കാവിലേക്കു നടക്കുകയായിരുന്നു. കാവിന്നകത്തുള്ള വനദേവതയുടേ ആവാസമായ വൃക്ഷത്തിന്റെചുവടു അടിച്ചുതളിച്ചു വെടിപ്പാക്കാനും അലങ്കരിപ്പാനുമായി മുൻകൂട്ടിഅയച്ചിരുന്ന ദാസിയായ രാധ, സംഭ്രമിച്ചു ഓടിവന്നുകൊണ്ടു സുജാതയോടു ഇങ്ങിനേപറഞ്ഞു.

“സ്വാമിനി! കണ്ടില്ലേ ദേവൻ പ്രത്യക്ഷമായിത്തന്നെ തന്റെ സ്ഥലത്തെത്തിയിരിക്കുന്നതു! കാൽമുട്ടുകളിന്മേൽ കൈകൾ മടക്കിവച്ചുംകൊണ്ടിതാ ആ സ്വരൂപം അവിടത്തന്നെയിരിക്കുന്നു. എന്തൊരു പ്രകാശമാണു മുഖത്തിൽ കളിയാടുന്നതു്! എന്തൊരു ശാന്തതയും മാഹാത്മ്യവുമാണു കണ്ടാൽ തോന്നുന്നതു്! ദൃഷ്ടികൾ എത്ര ദിവ്യതേജസ്സുള്ളവയായിരിക്കുന്നു! ദേവന്മാരെ ഇങ്ങിനേ കണ്ടുകൂടാൻ നിശ്ചയമായും വല്യ ഭാഗ്യമുണ്ടെങ്കിലേ സാധിക്കൂ”.

സുജാത വിശ്വസിച്ചു. അവൾ പരിഭ്രമത്താൽ അംഗങ്ങളിൽ വേപഥുവോടുകൂടി അദ്ദേഹത്തിന്റെ അടുക്കലേക്കു സാവധാനമായിച്ചെന്നു, പരിശുദ്ധമായ ആ പാദത്തിന്നുസമീപമുള്ള ഭൂമിയെ ചുംബിച്ചുകൊണ്ടു് തന്റെ മനോഹരമായ മുഖത്തെ താഴ്ത്തിനിന്നു പറഞ്ഞു. “ഇവിടെഅധിവസിക്കുന്ന നന്മകളുടെ ദാതാവായ പരി

ശുദ്ധസ്വരൂപമേ! അവിടത്തെ ദാസിയായ ഇവളിൽ ദയതോന്നി പ്രത്യക്ഷമായ നിന്തിരുവടി ഇവറ്റകളുടെ നിസ്സാരമായ ഈ വഴിപാടിനെ സ്വീകരിപ്പാൻ പ്രസാദിക്കുമോ? ഇതു് പുതുതായി കറിച്ച ആനക്കൊമ്പുപോലെ വെളുത്ത പാൽ കാച്ചി ഉണ്ടാക്കിയ മഞ്ഞുപോലെ ധവളമായ തൈരുകൊണ്ടു അഭിനയമായി ചെയ്യപ്പെട്ടതാണ്”.

എന്നിട്ടവൾ അതിനെ ഒരു പൊൻകിണ്ണത്തിൽ ഒഴിച്ചുവച്ചു, ഒരു സ്ഫടികക്കുപ്പിയിൽനിന്നു പനിനീർ എടുത്തു അദ്ദേഹത്തിന്റെ കയ്യിൽ വാർത്തുകൊടുത്തു. ഒരക്ഷരംപോലും മിണ്ടാതെ അദ്ദേഹം വഴിപാടിനെ എടുത്തു ഭക്ഷിച്ചു. സുജാത ഭക്തിപൂർവ്വം അല്പം അകലേമാറി കൃതാർത്ഥതയോടുകൂടി അതിനെ നോക്കിക്കൊണ്ടു നിന്നു. ഈ ഭക്ഷണം ഒടുവിൽ അത്ഭുതകരമായ ഫലത്തെ ജനിപ്പിച്ചിട്ടുണ്ട്. ഈ മഹാപുരുഷൻ ദാഹംകൊണ്ടും, വിശപ്പുകൊണ്ടും ക്ഷീണിച്ചു, വെയിലിൽ അലഞ്ഞുനടന്നു പരവശനായി, ആ കാവിന്റെ മദ്ധ്യത്തിലുള്ള വൃക്ഷത്തിന്റെ തണുത്ത ഛായയിൽ വിശ്രമിപ്പാൻ വന്നിരുന്ന ഒരു ഭിക്ഷുവായിരുന്നു. രാത്രിയിൽ ഉറങ്ങാതെയും, പകൽ മുഴുവൻ പട്ടിണിയിരുന്നു കഷ്ടപ്പെട്ടും മങ്ങിമയങ്ങിയിരുന്ന അദ്ദേഹത്തിന്റെ ജീവിതസ്ഥിതി, ഒരു നിമിഷത്തിൽ സ്വപ്നമോ എന്നു തോന്നുംവണ്ണം അദ്ദേഹത്തെ വിട്ടുമാറി; ശരീരമെന്നപോലെ തന്നെ ചൈതന്യവും ആ രസമേറിയ ഭക്ഷണത്തെ ആസ്വദിച്ചോ എന്നു തോന്നുമാറു അദ്ദേഹത്തിന്റെ അന്തരാത്മാവിൽ പുതിയ ഉന്മേഷങ്ങളുണ്ടായിത്തുടങ്ങി. അവധി കാണാത്ത സൈകതമരുപ്രദേശത്തൂകൂടി പറന്നു തളർന്നു യദൃച്ഛയാ കണ്ടെത്തിയ ഒരു ജലപ്രവാഹത്തിൽ ഇറങ്ങി കഴുത്തിലും ചുണ്ടിലുമുള്ള പൊടികളെ കഴുകിക്കളഞ്ഞു, തൂവലുകൾ ഇളക്കി ചിറകുകൾ വിടർത്തു ആടിനില്ക്കുന്ന ഒരു പക്ഷിയെപ്പോലേ അദ്ദേഹത്തിന്റെ ആത്മാവു ആഹ്ലാദഭരിതമായി. സുജാത അദ്ദേഹത്തെ പൂജിക്കുന്തോറും അദ്ദേഹത്തിന്റെ ശരീരശോഭ ഉജ്ജ്വലിക്കുകയും, മുഖകാന്തി അധികമധികം തിളങ്ങുകയും ചെയ്തു.

“അവിടുന്നു വാസ്തവമായും ദേവൻതന്നെയോ? എന്റെ വഴിപാടു അവിടുത്തേക്കിഷ്ടമായോ?” എന്നു സുജാത വിനയപൂർവ്വം ചോദിച്ചു. അതിനുത്തരമായി “നിങ്ങൾ എനിക്കായിക്കൊണ്ടുവന്ന ഇതു് എന്തൊന്നാണു്?” എന്നു ഭിക്ഷു അവളോടു ജിജ്ഞാസിച്ചു. സുജാത പറഞ്ഞു.

ഹാ! പരിശുദ്ധാസ്വരൂപമേ, ഞങ്ങളുടെ പശുക്കൂട്ടത്തിൽനിന്ന കടിഞ്ഞൂൽപ്രസവിച്ച നൂറുപശുക്കളുടെ പാൽ ഞാൻതന്നെ കറന്നെടുത്തു അമ്പതു വെള്ളപ്പശുക്കളെ കുടിപ്പിച്ചു; എന്നിട്ട അവയുടേയും പാൽ അതുപോലെ തന്നെ കറന്ന ഇരുപത്തഞ്ചുപശുക്കളെ കുടിപ്പിക്കയും, അപ്രകാരം അവയുടേയും പാൽ കറന്ന പന്ത്രണ്ടുപശുക്കൾക്കുകൊടുക്കയും അവയിൽനിന്ന അങ്ങിനെതന്നെ പാൽകറന്ന അത്യുത്തമജാതിയിലുള്ള ആറുപശുക്കളെ കുടിപ്പിക്കയുംചെയ്തു; അവയുടെപാൽ വെള്ളിപ്പാത്രങ്ങളിൽകറന്ന ചന്ദനവും, സുഗന്ധവ്യഞ്ജനങ്ങളുംചേർത്തു, നല്ല വിത്തുകളെ തിരിഞ്ഞു പുതിയനിലത്തിൽ പ്രത്യേകം കൃഷിചെയ്തെടുത്ത നെല്ലിൽനിന്ന മുത്തുപോലുള്ള അരിമണികളെ കുത്തി തിരിഞ്ഞെടുത്തു അതിലിട്ട ഞാൻതന്നെ ഭക്തിപൂർവ്വം പാകംചെയ്തുണ്ടാക്കീട്ടുള്ള ഒരു വഴിപാടാണിതു്, ഞാൻ ഇങ്ങിനെചെയ്തതു് എന്തുകൊണ്ടെന്നാൽ, എനിക്ക ഒരാൺകുട്ടിയുടെ മാതാവാവാൻ ഭാഗ്യമുണ്ടാകുന്നുഎങ്കിൽ അതിന്റെ സന്തോഷസൂചകമായി അവിടത്തെ ആവാസമായ ഈ വൃക്ഷത്തിന്റെ ചുവട്ടിൽ ഇങ്ങിനെഒരു വഴിപാടുകഴിപ്പാൻ ഞാൻ നേർന്നിട്ടുണ്ടായിരുന്നു. ഇപ്പോൾ എനിക്കു കുട്ടിയുണ്ടായി, എന്റെജീവിതംമുഴുവൻ ആനന്ദമായിത്തീരുകയുംചെയ്തു.

കുട്ടിയുടെമുഖംമൂടിയിരുന്ന ചുവന്നപട്ടിനെ പതുക്കെഎടുത്തുമാറ്റീട്ട അതിന്റെ ശിരസ്സിൽ ലോകാനുഗ്രഹകരങ്ങളായ കൈകളെവച്ചുകൊണ്ട മഹാനായഭിക്ഷു പറഞ്ഞു: "നിങ്ങളുടെ ആനന്ദരൂപനായ ഈ ശിശു ദീർഘായുസ്സായിരിക്കട്ടെ! ജീവിതത്തിന്റെ ക്ലേശഭാരം ഇവന്റെമേൽ ലഘുവായി പതിക്കട്ടെ! നിങ്ങൾ എനിക്കിപ്പോൾ ഉപകരിച്ചുവല്ലോ, ഞാൻദേവനല്ല; നിങ്ങളുടെഒരു സഹോദരനത്രേ; കുറേമുമ്പു ഒരു രാജാവായിരുന്നു; ഇപ്പോൾ ഒരു ഭിക്ഷു. ഈ ആറു നീണ്ട സംവത്സരകാലമായി രാപകലില്ലാതെ മനുഷ്യന്റെ അജ്ഞാനാന്ധകാരത്തെ അകററാനുള്ള പ്രകാശം എവിടെ സിദ്ധിക്കുമെന്നറിയാതെ തെരഞ്ഞുനടന്നു ഞാൻ കഷ്ടപ്പെടുന്നു. ആ പ്രകാശം ഞാൻ കാണും. അതേ, മാഹാത്മ്യമേറിയതും ആശാപ്രദവുമായ ആ പ്രകാശം ഉദിച്ചുതുടങ്ങീട്ടുണ്ടു്. എന്റെ ശരീരം വാടിപ്പോയിരുന്നു. ഹാ! സുന്ദരിയായ സഹോദരി! നിങ്ങളുടെ പവിത്രമായ ആഹാരം എനിക്ക സ്വാസ്ഥ്യത്തെനൽകി. അനേകജന്മങ്ങളെകടന്ന പാപങ്ങൾ നശിച്ച ഉൽകൃഷ്ടവും, സുഖാവഹവുമായ സ്ഥാനങ്ങളിലേക്ക ജീവിതംതന്നെ ചെന്നെത്തുന്നതു

പോലെ അത്രയനേകജീവിതങ്ങളെപ്പിന്തുടൎന്ന എൻെറ ഈ ജീവിതത്തെ തപരിപ്പിപ്പാൻവന്നതാണൊ എന്നു തോന്നും. എന്നാൽ കേവലം ജീവിച്ചിരിക്കുക എന്നതു വേണ്ടിടത്തോളം ആനന്ദപ്രദമായ ഒരവസ്ഥയാണെന്നു നിങ്ങൾക്കു വാസ്തവമായും തോന്നുന്നുണ്ടൊ ? ജീവിതവും സ്നേഹവും പൂൎത്തിയാകുന്നതാണൊ?

സുജാത— പൂജ്യപാദരെ ! എൻെറ ഹൃദയം ചെറുതാണു്. വയലിനെ നനപ്പാൻപോലും മതിയാകാത്ത സ്വല്പമായ മഴ ഒരു ആമ്പൽപൂവിൻെറ അകത്തെ പൂരിപ്പാൻ ധാരാളം മതിയാകുന്നതാണല്ലൊ. എൻെറ ഭൎത്താവിൻെറ സ്നേഹത്തിലും എൻെറ കുട്ടിയുടെ ഓമനപ്പുഞ്ചിരിയിലും എനിക്കു ജീവിതസൂൎയ്യൻ തിളങ്ങിപ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു ഞങ്ങളുടെ ഗൃഹത്തിൽ എന്നും മനോഹരമായ വസന്തകാലംതന്നെ. ഗൃഹകൃത്യ ചിന്തകളാൽ പൂൎണ്ണമായിട്ടു സന്തോഷത്തോടുകൂടിത്തന്നെ എൻെറദിവസങ്ങൾ കഴിഞ്ഞുകൂടുന്നു. ഞാൻ സൂൎയ്യോദയത്തിൽ എഴുന്നേറ്റു ദേവന്മാരെ സ്തോത്രംചെയ്യുകയും, ധാന്യങ്ങളെ എടുത്തുകൊടുക്കുകയും, തുളസിച്ചെടികളെ നനയ്ക്കുകയും, അവയുടെ തടങ്ങളെ നന്നാക്കുകയും, ദാസികളെ അവരുടെ വേലകളിൽ നിയോഗിക്കുകയും ചെയ്യുന്നു. മദ്ധ്യാഹ്നമാകുമ്പോൾ ഭൎത്താവു് ഊണുകഴിഞ്ഞു എൻെറമടിയിൽ തലവെച്ചുകൊണ്ടുവിശ്രമിക്കും, ഞാൻ മധുരമായപാട്ടുകളെപ്പാടിയും, വിശറികൊണ്ടു മന്ദമായി വീശിയും അദ്ദേഹത്തെ ആശ്വസിപ്പിക്കും. അതുപോലെ രാത്രി അത്താഴത്തിനുകാലമാകുമ്പോൾ ഞാൻഅദ്ദേഹത്തിൻെറ അടുക്കൽനിന്നു ആഹാരങ്ങളെ വിളമ്പിക്കൊടുക്കും. അമ്പലത്തിൽപോയി തൊഴുതുവന്നു, സ്നേഹിതന്മാരുമായുള്ള സ്വൈരസല്ലാപങ്ങളും കഴിഞ്ഞശേഷം ആകാശത്തിൽ നക്ഷത്രദീപങ്ങൾ നല്ലവണ്ണം പ്രകാശിക്കുമ്പോൾ ഞങ്ങൾഉറങ്ങാൻപോകും. ഇത്രഭാഗ്യമുള്ള എൻെറ ജീവിതം എന്തുകൊണ്ടാനന്ദപ്രദമല്ല? വിശേഷിച്ചും എൻെറ ഭൎത്താവിന്നുവേണ്ടി ഞാൻ ഈ ആൺകുട്ടിയെ പ്രസവിച്ചിരിക്കുന്നു. ഇവൻെറ ഈ കുഞ്ഞിക്കൈകൾ വേണമെങ്കിൽ അദ്ദേഹത്തിൻെറ ആത്മാവിനെ സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോവാൻ മതിയാകുന്നതാണെല്ലൊ! എന്തുകൊണ്ടെന്നാൽ വഴിയാത്രക്കാൎക്കായി ഛായാവൃക്ഷങ്ങൾ നട്ടുണ്ടാക്കുകയും ജനങ്ങളുടെ ഉപയോഗത്തിനായ്ക്കിണറുകുഴിപ്പിക്കയും, ഔരസനായപുത്രനെ ഉൽപാദിപ്പിക്കയും ചെയ്യുന്നവൎക്കു മരണശേഷം സൽഗതിയുണ്ടെന്നു ശാസ്ത്രങ്ങ

ളിൽ പറയുന്നു. ശാസ്ത്രോക്തങ്ങളെ ഞാൻ വണക്കത്തോടെ സ്വീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ ദേവന്മാരുമായി സാക്ഷാൽ സംഭാഷണം ചെയ്തിട്ടുള്ളവരും, മന്ത്രദ്രഷ്ടാക്കളും, ധർമ്മത്തിന്റെയും, സമാധാനത്തിന്റെയും മാർഗ്ഗങ്ങളെ കണ്ടുപിടിച്ചവരുമായ പുരാതന മഹാത്മാക്കളെക്കാൾ വിവേകം എനിക്കില്ല. മാത്രമല്ല, നല്ലതിൽനിന്നു നല്ലതും, ചീത്തയിൽനിന്നു ചീത്തയും ഉണ്ടാകുമെന്നും ഞാൻ വിശ്വസിക്കുന്നു. നിശ്ചയമായും ആകാശം, ഏതുകാലത്തും, ഏതുദിക്കിലും അതു് അങ്ങിനെതന്നെയാകും. നല്ലവൃക്ഷങ്ങളുടെ ഫലങ്ങൾ മധുരമായും, വിഷവൃക്ഷങ്ങളുടെ ഫലങ്ങൾ കയ്പായുമിരിക്കുന്നതു നാം കാണുന്നില്ലയൊ? അതേ, എന്നുതന്നെയല്ല, വിരോധം ശത്രുക്കളേയും, സ്നേഹം മിത്രങ്ങളേയും, ക്ഷമ സമാധാനത്തേയും ഉണ്ടാക്കുന്നതായും നമ്മുടെ ജീവിതകാലത്തിൽതന്നെ നാം കാണുന്നില്ലയൊ? വിധിച്ചകാലംവരുമ്പോൾ നാം മരിക്കുന്നു. ഇപ്പോൾഎന്നപോലെതന്നെ നമുക്കു ഒരു "അപ്പോഴും" ഉണ്ടായിരിക്കയില്ലയൊ? ഭാഗ്യവശാൽ "ഇപ്പോഴ"ത്തേക്കാൾ "അപ്പോൾ" അധികം നന്നായിരിപ്പാനാണെളുപ്പം. എന്തുകൊണ്ടെന്നാൽ ഒരു നെല്ലിൽനിന്നു മുളച്ചു പച്ചത്തുവാലുകൾപോലെയുള്ള ഇലകളോടുകൂടി തഴച്ചുവരുന്നനെൽച്ചെടി അമ്പതു നെൽമുത്തുകളെ ശിരസ്സിൽചൂഡാമണിപോലെ വഹിച്ചുകൊണ്ടു ശോഭിച്ചു നിൽക്കുന്നതു നാം കാണുന്നില്ലയൊ? ഒരുചെമ്പകത്തിൽ വസന്തകാലത്തിൽ പൊട്ടിവരുന്ന കേവലമായ ഒരുഅങ്കുരത്തിൽനിന്നു, ചുവന്നും വെളുത്തും നക്ഷത്രങ്ങൾപോലെയുള്ള എത്രയൊ പുഷ്പങ്ങൾവിടൎന്നു വരുന്നതും നാം കാണുന്നില്ലയൊ? അല്ലയൊ ഭഗവൻ; ജീവിതത്തിൽ ദുഃഖങ്ങൾ ഉണ്ടെന്നും അവ സഹനശക്തിയേ സമൂലഘാതം ധ്വംസിപ്പാൻ ശക്തിയുള്ളവയായിരിക്കുമെന്നുമുള്ള വസ്തുതയുംഞാൻ അറിയാത്തതല്ല. ഈ കുട്ടി ആദ്യം മരിച്ചുപോകയാണെങ്കിൽ എന്റെ ഹൃദയം തകൎന്നുപോകുമെന്നു ഞാൻവിചാരിക്കുന്നു— അതേ, മിക്കവാറും തകൎന്നുപോകതന്നെ ചെയ്യും; ഇവൻഎന്റെകയ്യിൽ മൃതനായിരിക്കുമ്പോഴും ഞാൻ ഭൎത്താവിന്റെ ജീവിതകാലംമുഴുവൻ കാത്തിരിക്കേണ്ടവളാണല്ലോ; വിശ്വസ്തകളായഭാൎയ്യമാർ ഏതുലോകത്തിലും ആയുഷ്കാലംവരെ ഭൎത്താവിനെ ശുശ്രൂഷിക്കയും, ഒടുവിൽഅനുപ്രയാണം ചെയ്കയുംവേണം. പക്ഷെ എന്റെ ഭൎത്താവായ "സേനാനി" ആദ്യം കാലധൎമ്മത്തെ പ്രാപിച്ചുഎങ്കിൽ ഞാൻ ചിതാരോഹണം ചെയ്കയും, പ്രിയപ്പെട്ട അദ്ദേഹത്തിന്റെ ഉത്തമാംഗത്തെ പതിവുപോ-

ലെ മടിയിൽവളൎന്നുകൊണ്ടു അഗ്നിയുടെ അതിതീക്ഷ്ണങ്ങളായ ജ്വാലകളേയും, ശ്വാസരോധകങ്ങളായ ധൂമങ്ങളേയും സസന്തോഷം സഹിച്ചു അദ്ദേഹത്തെ അനുഗമനംചെയ്കയുംചെയ്തു. എന്തുകൊണ്ടെന്നാൽ ഒരു സതിയുടെ ഇപ്രകാരമുള്ള സ്നേഹം അവളെ പരലോകത്തിൽ അവളുടെ ഭൎത്താവോടു യോജിപ്പിക്കുന്നതാണെന്നും, അവളുടെ തലയിൽ എത്ര മുടികളുണ്ടോ അത്രയും കോടി സംവത്സരം അവൾ ഭൎത്താവോടുകൂടി സ്വൎഗ്ഗത്തിൽ സുഖവാസം ചെയ്യുമെന്നും ശാസ്ത്രങ്ങളിൽ പറയുന്നു. അതുകൊണ്ടാണ് എനിക്കു ഭയമില്ലാത്തതു്. അല്ലയോ പരിശുദ്ധനായ സ്വാമി! ഇതുകൊണ്ടു എന്റെ ജീവിതംമുഴുവൻ എനിക്കു സന്തോഷപൂൎണ്ണമായിരിക്കുന്നു. എന്നാൽ ദുഃഖവും, ദാരിദ്ര്യവും, ദുഷ്ടതയും, അരിഷ്ടതയും നിറഞ്ഞ മററുജീവികളുടെ സ്ഥിതിയേയും ഒരു പ്രകാരത്തിലും ഞാൻ ഓൎക്കാതിരിക്കുന്നില്ല. അങ്ങിനെയുള്ളവരുടെ മേൽ ദേവന്മാൎക്കു അനുകമ്പയുണ്ടാകട്ടെ! എനിക്കുനല്ലതെന്നു തോന്നുന്നതിനെ ആദരവോടുകൂടി ഞാൻ ചെയ്വാൻ നോക്കുന്നു. ഏതുനാം ഭാഗ്യമോ അതു സംഭവിക്കേണമെന്നും, സംഭവിക്കതന്നെ ചെയ്യുമെന്നുമുള്ള വിശ്വാസത്തോടുകൂടി ധൎമ്മത്തിന്നു കീഴടങ്ങി ഞാൻ ജീവിക്കുന്നു.

ഭിക്ഷു: ഹാ! നിങ്ങൾ ഉപദേഷ്ടാക്കന്മാൎക്കും ഉപദേശിക്കുവാൻ യോഗ്യയായിരിക്കുന്നു. നിങ്ങളുടെ കേവലമായ അറിവുകൊണ്ടു നിങ്ങൾ സാക്ഷാൽ വിവേകത്തേക്കാൾ വിവേകമുള്ളവളായിത്തീൎന്നിരിക്കുന്നു. നിങ്ങൾ ഇനി ഒന്നിനേയും അറിവാൻ ശ്രമിക്കാതെ തൃപ്തിപ്പെട്ടിരുന്നുകൊള്ളുക! ഇപ്പോൾതന്നെ നിങ്ങളുടെ ധൎമ്മത്തിന്റേയും കൃത്യത്തിന്റേയും മാൎഗ്ഗങ്ങളെ ഇപ്രകാരം നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ! അതെ, മദ്ധ്യാഹ്നസൂൎയ്യന്റെ കിരണങ്ങളെ സഹിപ്പാൻ അശക്തകളായ കോമളവല്ലികൾ ഛായകളിൽ തന്നെ മറഞ്ഞു നിന്നുകൊണ്ടു ഒടുവിൽ പുഷ്പശേഖരിതങ്ങളായ ശിരസ്സുകളെ ആകാശത്തിലേക്കു നമിപ്പിക്കട്ടെ! അല്ലയോ, മനസ്വിനി! എന്നെപ്പൂജിച്ചു നിങ്ങളെ ഞാൻ പൂജിക്കേണ്ടിയിരിക്കുന്നു. സ്നേഹത്താൽ പ്രേരിതമായി കൂട്ടിനെനോക്കിപ്പറന്നു പോകുന്ന മാടപ്രാവിനെപ്പോലെ അറിയേണ്ടതിനെ അറിയാതെതന്നെ നിങ്ങൾ പഠിച്ചിരിക്കുന്നു. മനുഷ്യന്നു ആശാബന്ധത്തിന്നു എന്തുകൊണ്ടവകാശമുണ്ടെന്നും, ജീവിതയന്ത്ര ചക്രത്തിൽ എന്തുകൊണ്ടു നാം മനസ്സാലേ താങ്ങിനില്ക്കുന്നു എന്നുമുള്ളതു നിങ്ങളുടെ ദൃഷ്ടാന്തത്തിൽനിന്നു ഞാൻ വെളിവായി മനസ്സിലാക്കുന്നു. നിങ്ങൾക്കു സമാധാനം ഉണ്ടാകട്ടെ! നിങ്ങളുടെ ദിവസങ്ങൾ

മുഴുവൻ സുഖപൂർണ്ണനായി കഴിഞ്ഞുകൂടുമാറാകട്ടെ! ഞാൻ എത്തേണ്ട ദിക്കിനെ നിങ്ങൾ കടന്നുകഴിഞ്ഞിരിക്കുന്നു. ആരെ നിങ്ങൾ ദേവനാണെന്നു വിചാരിച്ചുവോ ആ ഞാൻ നിങ്ങൾക്കടുത്തിരിക്കുന്ന ആ സമാധാനത്തിൽ എത്തുമാറു എന്നെ അനുഗ്രഹിക്കേണമെന്നു നിങ്ങളോടു പ്രാർത്ഥിക്കുന്നു.

“അവിടുന്നു അതിൽ എത്തുമാറാകട്ടെ!” എന്നു തന്റെ നോട്ടത്തെ ശ്രദ്ധയോടെ കുട്ടിയുടെ മേൽ പതിച്ചുകൊണ്ടു സുജാത പറഞ്ഞു. ആ സമയം ആ ശിശു ഭിക്ഷുവിനെ ആരാണെന്നറിഞ്ഞു ബഹുമാനിക്കയാണോ എന്നു തോന്നുംവണ്ണം തന്റെ കൊച്ചു കൈകളെക്കൊണ്ടു അദ്ദേഹത്തെ എത്തിപ്പിടിച്ചിരിക്കയായിരുന്നു. പക്ഷേ ശിശുക്കൾക്കു നാം വിചാരിക്കുന്നതിനെക്കാൾ അധികം അറിവുണ്ടായിരിക്കാം.

എന്നാൽ അദ്ദേഹമാകട്ടെ, പരിശുദ്ധമായ ആ ആഹാരത്താൽ ശരീരബലം സിദ്ധിച്ചതുകൊണ്ടു അവിടെനിന്നെഴുന്നേറ്റു നടന്നു. ഇപ്പോൾ അദ്ദേഹം പോകുന്നതു് ഏതു പുണ്യഭൂമിയിൽവെച്ചു ലോകോപകാരാർത്ഥം ബുദ്ധമതത്തിന്റെ ആസ്പദമായ പരമാർത്ഥജ്ഞാനം വെളിപ്പെട്ടുവോ, “ബോധിദ്രുമ”മെന്ന സാർത്ഥനാമത്തോടുകൂടിയ വിശ്രുതമായ ആ വടവൃക്ഷത്തിന്റെ ചുവട്ടിലേക്കുതന്നെ ആകുന്നു. ആശ്ചര്യം, സ്നേഹം, അനുകമ്പ, ബഹുമാനം ഇവയാൽ പരതന്ത്രയായി നോക്കിനിന്നിരുന്ന സുജാതയുടെ ദൃഷ്ടിയിൽനിന്നു ഇപ്രകാരം മഹാനായ ആ ഭിക്ഷു മറഞ്ഞു. അദ്ദേഹം സാക്ഷാൽ ലോകഗുരുവായ ബുദ്ധമഹർഷിതന്നെയായിരുന്നു.

പൂജ്യയായ സുജാതേ! ഭവതിയെപ്പോലുള്ള സ്ത്രീരത്നങ്ങളുടെ ചരിത്രം ഇന്ത്യാമാതാവിന്റെ ഹൃദയത്തിന്നു ഏതു ദുരവസ്ഥയിലും ആശ്വാസപ്രദവും, ഹിന്ദുസമുദായത്തിന്നു ഏതുകാലത്തും അഭിമാനകരവുമാംവണ്ണം ലോകത്തിൽ സർവോൽകർഷേണ വർത്തിക്കുമാറാകട്ടെ!

എൻ. കെ. ആശാൻ.

# ആത്മോപദേശശതകം

[തുടർച്ച]

ഉലകിനു വേറൊരു സത്തയില്ലിതുണ്ടെ
ന്നലകരരപ്പതു സർവ്വമൂഢഹീനം;
ജലന്ന വിലേശയ മെന്നുതോന്നിയാലും
നലമിയലും മലർമാല നാഗമാമോ? ൨൦.

പ്രിയ മൊരുജാതി-യിതെൻപ്രിയം- തദീയ,
പ്രിയമപരപ്രിയമെന്നനേകമായി,
പ്രിയ വിഷയം പ്രതിവന്നിടും ഭ്രമം; തൻ
പ്രിയ മപരപ്രിയമെന്നറിഞ്ഞിടേണം. ൨൧.

പ്രിയ മപരൻ്റെ, യതെൻപ്രിയം സ്വകീയ
പ്രിയ മപരപ്രിയ മിപ്രകാരമാകും
നയ; മതിനാലെ നരന്നു നന്മനൽകും
ക്രിയ യപര പ്രിയഹേതുവായ്‌വരേണം ൨൨.

അപരനു വേണ്ടി യഹർന്നിശം പ്രയത്നം
കൃപണതവിട്ടു കൃപാലു ചെയ്തിടുന്നു,
കൃപണ നധോമുഖനായ് കിടന്നു ചെയ്യു
ന്നപജയ കർമ്മ മവന്നു വേണ്ടിമാത്രം ൨൩.

അവ ,നിവ നെന്നറിയുന്ന തൊക്കെയോർത്താ
ലവനിയിലാദിമ മായൊരാത്മരൂപം,
അവരവരാത്മ സുഖത്തിനാചരിക്കു
ന്നവ യപരന്നു സുഖത്തിനായ് വരേണം ൨൪.

ഒരുവനുനല്ലതു മന്യനല്ലലും ചെ
യ്യൊരു തൊഴി ലാത്മവിരോധി യോർത്തിടേണം;
പരനുപരം പരിതാപമേകിടുന്നോ
രെരി നരകാബ്ധിയിൽ വീണെരിഞ്ഞിടുന്നു. ൨൫.

അവയവ മൊക്കെ യമർത്തി യാണിയായ് നി
ന്നവയവിയാവിയെ യാവരിച്ചിടുന്നു.
അവനിവനെ ന്നതിനാലവൻ നിനയ്ക്കു
ന്നവശതയാ മവിവേകമൊന്നിനാലെ. ൨൬.

ഇരുളി ലിരുന്നറിയു ന്നതാകുമാത്മാ
വറിവതു താനഥ നാമരൂപ മായും
കരണമൊടിന്ദ്രിയ കർത്തൃ കർമ്മമായും
വിരവതു കാൺക മഹേന്ദ്രജാലമെല്ലാം! ൨൭.

## അദ്ധ്യായം ൪.

### ഒന്നാമത്തെ അംഗം

രാജയോഗം എട്ടംഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തേതു് യമം: അതായതു് അഹിംസ, സത്യം, അസ്തേയം, (മോഷ്ടിക്കായ്ക) ബ്രഹ്മചര്യം, അപരിഗ്രഹം (ആരോടും ഒന്നിനേയും സ്വീകരിക്കാതിരിക്കുക) ഇവ. രണ്ടാമത്തേതു് നിയമം: അതായതു് ശൌചം, സന്തോഷം, തപസ്സ്, സ്വാദ്ധ്യായം (വേദപാഠം ജപം മുതലായതു്) ഈശ്വര പ്രണിധാനം (സകല കർമ്മങ്ങളേയും ഈശ്വരാർപ്പണം ചെയ്യുക) ഇവ. അടുത്തതു ആസനം; പിന്നെ പ്രാണായാമം; അതായതു് ശരീരത്തിലെ പ്രാണശക്തികളുടെ നിയമനം. പിന്നെ ധാരണ; അതായതു മനസ്സിന്റെ ഏകാഗ്രീകരണം. അനന്തരം ധ്യാനം ; അതായതു് ഏകാഗ്രത. ഒടുവിലത്തേതു് സമാധി അല്ലെങ്കിൽ ബോധാതീതാവസ്ഥ, ഇവയാകുന്നു. ഈ യമവും, നിയമവും സദാചാരസംബന്ധമായ അഭ്യാസങ്ങളാണെന്നു നാം കാണേണ്ടവയല്ലോ; അവയോടുകൂടാതെ യോഗം ഒരിക്കലും ഫലവത്താകയില്ല. ഒരു യോഗി വിചാരംകൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒരുത്തനേയും ഉപദ്രവിപ്പാൻ നോക്കരുതു്. മനുഷ്യനെമാത്രം ഉപദ്രവിക്കാതിരുന്നതുകൊണ്ടായില്ല; ഒരു ജന്തുവിനേയും ഉപദ്രവിക്കരുതു്. മനുഷ്യരുടെ നേരെമാത്രം കാരുണ്യമുണ്ടായാൽ പോരാ; കാരുണ്യം അവരെ കടന്നു പോകയും, ലോകംമുഴുവനും വ്യാപിക്കയും ചെയ്യണം.

അടുത്ത അംഗം ആസനം, അതായതു് ഇരിപ്പാണ്. ഒരു ഉദ്ദിഷ്ടമായ ഉയർന്ന പടിയിൽ എത്തുന്നതുവരെ മാനസികവും, കായികവുമായ ഒരു അഭ്യാസശ്രേണി ദിവസംപ്രതി പരിശീലിച്ചു പോരേണ്ടതായുണ്ടു്. അതുകൊണ്ടു ഏതിരിപ്പിൽ നമുക്കു അധികനേരമിരിപ്പാൻ കഴിയുമോ അങ്ങിനെയുള്ള ഒരാസനം കണ്ടുപിടിക്കേണ്ടതു് അത്യാവശ്യമത്രെ. ഓരോരുത്തനും ഏററവും സുഖകരമായിത്തോന്നുന്ന ആസനം ഏതോ അതാണുപയോഗിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ ഒരുത്തനു ഒരുവിധം ഇരിപ്പിൽ ഇരുന്നുകൊണ്ടു ധ്യാനിക്കുന്നതു് എളുപ്പമായിരിക്കും. എന്നാൽ മറെറാരുത്തനു അതുവളരെ പ്രയാസമെന്നും വന്നേക്കും. അന്തഃകരണശാസ്ത്രീയമായ ഈ വിഷയങ്ങളുടെ പരിശോധനയിൽ, ശരീരത്തിൽ ഒട്ടധികം വ്യാപാരങ്ങൾ നടന്നുകൊണ്ടിരിക്കുന്നതായി നാം വഴിയെ കാണാം. സിരാസ്ഫുരണമാർഗ്ഗങ്ങൾ മാററപ്പെടേണ്ടതായും പുതിയ

പ്രണാളികകൾ തുറക്കപ്പെടേണ്ടതായും വരും. പുതിയമാതിരി *വിസ്ഫുരണങ്ങൾ ആരംഭിക്കയും ശരീരബന്ധം മുഴുവൻ നവീകരിക്കപ്പെട്ടപോലെ ആവുകയും ചെയ്യും. വ്യാപാരത്തിന്റെ പ്രധാനഭാഗം തണ്ടെല്ലു നാളംവഴിയായിട്ടാണ് കിടക്കുന്നത്. അതുകൊണ്ടു ആസനത്തിനു ആവശ്യമായ ഒരുകാര്യം തണ്ടെല്ലിനെ നിർബാധമായി വച്ചുകൊള്ളുകയാകുന്നു; അതായതു നിവർന്നിരുന്നു ഹൃദയം, കഴുത്തു, ശിരസ്സ് ഈ മൂന്നു ഭാഗങ്ങളേയും ശരിയായി ഋജുവാക്കിവച്ചുകൊള്ളുകതന്നെ. ശരീരത്തിന്റെ മുഴുവൻ ഭാരവും വാരിയെല്ലുകൾ വഹിക്കത്തക്കവണ്ണം വിട്ടേക്കുക. അപ്പോൾ തണ്ടെല്ലു ഋജുവായിരിക്കുകയും നിങ്ങൾക്കു സുകരവും സ്വാഭാവികവുമായ ഒരു ആസനം സിദ്ധമാകയും ചെയ്യും. നെഞ്ചിനെ അകത്തോട്ടു വളച്ചിരുന്നിട്ടു വളരെ ഉയർന്നവിധത്തിലുള്ള വിചാരങ്ങൾ വിചാരിപ്പാൻ കഴികയില്ലെന്നു നിങ്ങൾക്കു സ്വാഭാവികമായി മനസ്സിലാകും. യോഗത്തിന്റെ ഈ ഭാഗത്തിനു വെറും ശാരീരമായ ഹഠയോഗത്തോടു കുറഞ്ഞൊന്നു സാദൃശ്യമുണ്ട്. ഹഠയോഗത്തിന്റെ ഉദ്ദേശ്യം ശരീരത്തെ വളരെ ബലവത്താക്കുകയാണ്. പ്രസ്താവത്തിൽ നമുക്കു അതിനെക്കൊണ്ടു കാര്യമില്ല. എന്തുകൊണ്ടെന്നാൽ ഇതിന്റെ അഭ്യാസങ്ങൾ വളരെ കൃച്ഛ്രസാദ്ധ്യങ്ങളാണ്, ഒരുദിവസംകൊണ്ടൊന്നും അതിനെ അറിഞ്ഞൊന്നും വരുന്നതല്ല. ഒടുവിൽ അദ്ധ്യാത്മമായ അഭിവൃദ്ധിയിലേക്കു അതു നമ്മെ നയിക്കുന്നില്ലതാനും. ശരീരത്തെ ഓരോ അവസ്ഥാനങ്ങളിൽ വയ്ക്കുന്നതായ പല അഭ്യാസക്രമങ്ങളെ ഡൽസർട്ടി (Delserti) യുടേയും, മററു ആചാര്യന്മാരുടെയും പുസ്തകങ്ങളിൽ നിങ്ങൾക്കു കാണാം. എന്നാൽ അവയുടെ ഉദ്ദേശം കായികമാകുന്നു. മാനസികമല്ല. മനുഷ്യനു തന്റെ പൂർണ്ണമായ ആജ്ഞയിൻകീഴിൽ നിറുത്താൻ കഴിയാത്തതായി ഒരു മാംസപേശി ശരീരത്തിൽ ഇല്ല. അവൻ കല്പിച്ചാൽ ഹൃദയം സ്പന്ദിക്കാതെ നിന്നുപോകുകയൊ, സ്പന്ദിച്ചുകൊണ്ടിരിക്കുകയോ ചെയ്യും. ശരീരയന്ത്രത്തിന്റെ ഏതുഭാഗവും അവന്റെ കല്പനപോലെ പ്രവൎത്തിക്കും.

യോഗത്തിൽ ഈ ഭാഗത്തിന്റെ ഫലം മനുഷ്യരെ ചിരഞ്ജീവികളാക്കുന്നതാണ്. ഹഠയോഗിയുടേ മുഖ്യ ഉദ്ദേശ്യവും ഏകവാക്യവും ആരോഗ്യമത്രേ. തനിക്കു രോഗം പിടിപെടുകയില്ലെന്നു അയാൾക്കുറപ്പുണ്ടു; പിടിപെടുന്നുമില്ല. അയാൾ വളരെക്കാലം ജീവിക്കുന്നു. നൂറുവർഷം അയാൾക്കു ഒരു കാര്യമേയല്ല. നൂററിഅമ്പതാം വയസ്സിൽ അയാൾ വെറുംനവയൌവനസമ്പന്നനായിരിക്കും; ഒററരോമം നരച്ചിട്ടുണ്ടായിരിക്കയില്ല. എന്നാൽ അത്രമാ

* Vibration

ത്രം തന്നെ. ചിലപ്പോൾ ഒരു പേരാൽ വൃക്ഷം ൫,൦൦൦ കൊല്ലം ജീവിക്കുന്നു. എന്നാൽ അതു ഒരു പേരാൽവൃക്ഷം തന്നെ. വിശേഷമൊന്നുമില്ല. അതുകൊണ്ടു ഒരു മനുഷ്യൻ അധികകാലം ജീവിച്ചിരിക്കയാണെങ്കിൽ അവൻ ഒരു ആരോഗ്യമുള്ള ജന്തുവാണ്. അതുതന്നെ. ഹഠയോഗത്തിലെ ഒന്നോരണ്ടോ സാധാരണ ഉപദേശങ്ങൾ വളരെ ഉപയോഗമുള്ളവയാണ്. ദൃഷ്ടാന്തം പറയാം. കാലത്തു എഴുന്നേററ ഉടനെ മൂക്കിന്റെ ദ്വാരത്തിൽകൂടി കുറേ പച്ചവെള്ളം കുടിക്കുന്നതു തലവേദനകൾക്കു വളരെ ഗുണമുള്ളതാണെന്നു നിങ്ങളിൽ ചിലർക്കു കാണാം. ആ ദിവസം എല്ലാം നിങ്ങളുടെ തലച്ചോറു മുഴുവനും സ്വച്ഛമായും ശീതളമായുമിരിക്കും. നിങ്ങൾക്കു ഒരിക്കലും ജലദോഷം വരികയുമില്ല. അതു ചെയ്യാൻ വളരെ എളുപ്പമാണ്. മൂക്കിനെ വെള്ളത്തിൽ മുക്കുക, തൊണ്ടകൊണ്ടു കുഴലിൽ നിന്നു വെള്ളം വലിക്കുമ്പോലെ മേൽപോട്ടു വലിക്കുക. സ്ഥിരവും ഋജുവുമായ ഒരു ആസനം ബന്ധിപ്പാൻ പഠിച്ച ശേഷം ഒരുവൻ ചെയ്യേണ്ടതു് ചിലരുടെ അഭിപ്രായ പ്രകാരം നാഡീശോധനം എന്നു പറയുന്ന ഒരഭ്യാസമാണ്. ഈ ഭാഗം രാജയോഗത്തിൽ ഉൾപ്പെട്ടതല്ലെന്നു പറഞ്ഞു ചിലർ ഉപേക്ഷിച്ചിരിക്കുന്നു. മഹാത്മാവായ ഭാഷ്യകാരൻ ശങ്കരാചാര്യർ ഇതിനെ ഉപദേശിക്കുന്നതുകൊണ്ട് ഇതിനെ വിവരിക്കുന്നതു യുക്തമാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു. ശ്വേതാശ്വതരോപനിഷത്തിന്റെ ഭാഷ്യത്തിൽ അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നതിനെ തന്നെ ഞാൻ ഇവിടെ ഉദ്ധരിക്കയും ചെയ്യാം. "പ്രാണായാമ പരിശീലനം കൊണ്ടു നിർമ്മലമാക്കപ്പെട്ട മനസ്സു ബ്രഹ്മധ്യാനത്തിൽ സ്ഥിരതയെ അവലംബിക്കുന്നു; ആ കാരണത്താൽ പ്രാണായാമം നിർദ്ദേശിക്കപ്പെടുന്നു. ആദ്യം നാഡികളെ ശുദ്ധീകരിക്കണം; അപ്പോൾ പ്രാണായാമം അഭ്യസിപ്പാനുള്ള ശക്തിയുണ്ടാകും. വലത്തെമൂക്കിന്റെ ദ്വാരം പെരുവിരൽകൊണ്ടടച്ചിട്ടു ഇടത്തെ മൂക്കിന്റെ ദ്വാരത്തിൽ കൂടി യഥാശക്തി വായുവിനെ അകത്തോട്ടു വലിക്കുക. എന്നിട്ടു ഇടയ്ക്കു ഒട്ടും വിളംബിക്കാതെ തന്നെ ആ വായുവിനെ ഇടത്തെമൂക്കിന്റെ ദ്വാരം അടച്ചുകൊണ്ടു വലത്തെ മൂക്കിന്റെ ദ്വാരത്തിൽകൂടി വെളിയിൽ കളയുക. വീണ്ടും വലത്തെമൂക്കിൽകൂടി വായുവിനെ അകത്തോട്ടുവലിച്ചിട്ടു ഇടത്തേതിൽകൂടി യഥാശക്തി പുറത്തേക്കു കളയുക. ഇങ്ങനെ മൂന്നോ അഞ്ചോ പ്രാവശ്യം, സൂര്യോദയത്തിനു മുമ്പിലും, മദ്ധ്യാഹ്നത്തിലും, സന്ധ്യയ്ക്കും, പാതിരാത്രിയിലും ആയി ദിവസംപ്രതി നാലുതവണ മുടങ്ങാതെ പരിശീലിച്ചു

കൊണ്ടിരുന്നാൽ ചില ദിവസങ്ങൾക്കോ ഒരു മാസത്തിനോ ഉള്ളിൽ നാഡി ശുദ്ധിയുണ്ടാകും. അനന്തരം പ്രാണായാമം ആരംഭിക്കുന്നു."

അഭ്യാസം ആവശ്യമാണ്. നിങ്ങൾ ദിവസംപ്രതി എല്ലാമണിക്കൂറിലും ഞാൻ പറയുന്നതിനെ കുത്തിയിരുന്നു കേൾക്കുന്നു എന്നുവരാം. എന്നാൽ നിങ്ങൾ കേട്ടതിനെ അഭ്യസിക്കുന്നില്ലെങ്കിൽ ഒരു ചുവടു നിങ്ങൾ മുമ്പോട്ടു പോകയില്ല. എല്ലാം അഭ്യാസത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഈ സംഗതികൾ നമുക്കു അനുഭവത്തിൽ വന്നെങ്കിലല്ലാതെ ഒരിക്കലും മനസ്സിലാകുന്നില്ല. നമുക്കുവേണ്ടി നാം തന്നെ അവയെ കാണുകയും, അനുഭവിക്കയും ചെയ്യണം. കേവലം വ്യാഖ്യാനങ്ങളെയും, സിദ്ധാന്തങ്ങളെയും കേട്ടുകൊണ്ടിരുന്നാൽ പോരാ. അഭ്യാസത്തിനു പല പ്രതിബന്ധങ്ങൾ ഉണ്ട്. ആദ്യത്തെ പ്രതിബന്ധം ആരോഗ്യഹീനമായ ശരീരം തന്നെ. ശരീരം ശരിയായ സ്ഥിതിയിൽ ഇരിക്കുന്നില്ലെങ്കിൽ അഭ്യാസത്തിനു വിഘ്നം നേരിടുന്നു. അതുകൊണ്ടു നാം അതിനെ നല്ല ആരോഗ്യാവസ്ഥയിൽ സൂക്ഷിക്കേണ്ടതാകുന്നു. നാം തിന്നുകയും കുടിക്കുകയും ചെയ്യുന്ന വസ്തുക്കളേയും ചെയ്യുന്ന പ്രവൃത്തികളേയും പററി സൂക്ഷിക്കണം. ('ക്രിസ്ത്യൻ സയൻസ്' (Christian Science) എന്നു പറയുന്നമാതിരിയുള്ള) മനസ്സിന്റെ ഒരുദ്യമം ശരീരത്തെ ബലവത്തായിവെയ്ക്കുന്ന വിഷയത്തിൽ എപ്പോഴും ഉണ്ടായിരിക്കണം. ഇത്രതന്നെ. ശരീരത്തെപ്പററി ഇതിലധികമൊന്നും പറവാനില്ല. ആരോഗ്യം ഒരു സാദ്ധ്യത്തിനായുള്ള സാധനം മാത്രമാണെന്നുള്ളതിനെ ഒരിക്കലും നാം മറക്കരുത്. ആരോഗ്യം ആ സാദ്ധ്യമായിരുന്നു എങ്കിൽ നാം മൃഗാദി ജന്തുക്കളെപ്പോലെ ഇരിക്കേണ്ടതാണ്. ഈ ജന്തുക്കൾക്കു അപൂർവ്വമായേ രോഗം പിടിപെടാറുള്ളൂ.

രണ്ടാമത്തെ പ്രതിബന്ധം സംശയമാണ്. നാം കാണാത്ത കാര്യങ്ങളെപ്പററി എപ്പോഴും നമുക്കു സംശയം തോന്നുന്നു. മനുഷ്യന് അവൻ എത്രതന്നെ ശ്രമിച്ചാലും വാക്കുകളെ വിശ്വസിച്ചുകൊണ്ടു ജീവിപ്പാൻ കഴികയില്ല. അതുകൊണ്ടു ഈ കാര്യങ്ങളിൽ വല്ല വാസ്തവവും ഉണ്ടോ ഇല്ലയോ എന്നുള്ള സംശയം നമുക്കുണ്ടാകുന്നു. നമ്മിൽ ഏററവും ഉത്തമനായ ആൾ കൂടിയും ചിലപ്പോൾ ഇങ്ങനെ സംശയിക്കും. അഭ്യാസത്തോടു കൂടി ഏതാനും ദിവസങ്ങൾക്കുള്ളിൽ ചില അനുഭവ ലേശങ്ങൾ വെളിപ്പെടും.

നിങ്ങൾക്ക ധൈര്യത്തേയും, ആശംസയേയും നൽകുവാൻ അവ മതിയായിരിക്കും. യോഗശാസ്ത്രത്തിന്റെ ഒരു വ്യാഖ്യാതാവു പറയുന്നതുപോലെ "ഒരു ദൃഷ്ടാന്തം- ഏത്രതന്നെ നിസ്സാരമായിരുന്നാലും അനുഭവത്തിൽ വരുമ്പോൾ അതു നമുക്ക യോഗത്തിലുള്ള മററെല്ലാ ഉപദേശങ്ങളിലും വിശ്വാസത്തെ നല്കും" ഉദാഹരണം: അഭ്യാസത്തിന്റേയും ഉപദേശത്തിന്റേയും ആദ്യത്തെ ഏതാനം മാസങ്ങൾ കഴിയുമ്പോൾ നിങ്ങൾക്ക മററുള്ളവരുടെ വിചാരങ്ങളെ ഗ്രഹിപ്പാൻ കഴിയുമെന്നു നിങ്ങൾ കാണും. അവ ഒരു ചിത്രപടംപോലെ നിങ്ങളുടെ മുമ്പിൽ തോന്നും. നിങ്ങൾ മനസ്സിനെ ഏകാഗ്രപ്പെടുത്തിക്കേൾപ്പാൻ ശ്രമിക്കുമ്പോൾ വളരെ ദൂരത്തിൽ സംഭവിക്കുന്നവല്ലതിനേയും നിങ്ങൾ പക്ഷെ കേൾക്കും. ഈ ബോധാങ്കുരങ്ങൾ ആദ്യം വെറും ലേശമാത്രമായിരിക്കും എങ്കിലും നിങ്ങൾക്കവിശ്വാസവും, ധൈര്യവും ആശാബന്ധവും നൽകുന്നതിനു അവ മതിയാകും. ദൃഷ്ടാന്തം പറയാം: നിങ്ങളുടെ വിചാരങ്ങളെ നിങ്ങൾ നാസാഗ്രത്തിലേക്ക ഏകാഗ്രപ്പെടുത്തുകയാണെങ്കിൽ അല്പദിവസങ്ങൾക്കുള്ളിൽ അതിമനോഹരമായ ഒരു സൌരഭ്യം അവിടെ നിങ്ങൾക്ക പ്രത്യക്ഷമായി തുടങ്ങും. ബാഹ്യവിഷയങ്ങളുടെ സന്നികർഷം കൂടാതെതന്നെ വെളിപ്പെടാവുന്ന ചില മാനസപ്രത്യക്ഷങ്ങൾ ഉണ്ടെന്നുള്ളതിനെ നിങ്ങൾക്ക കാട്ടിത്തരാൻ അതുമതിയാകും. എന്നാൽ ഇവ കേവലം സാധനങ്ങൾ അല്ലെങ്കിൽ ഉപായങ്ങളെ ആകുന്നുള്ളു എന്നുള്ളതിനെ നാം എല്ലായ്പ്പോഴും ഓർത്തുകൊള്ളണം. ഈ എല്ലാ അഭ്യാസങ്ങളുടേയും ഉദ്ദേശ്യവും, അവസാനവും, പരമകാര്യവും ആത്മാവിന്റെ മോക്ഷമാകുന്നു. പരമോദ്ദേശ്യം പ്രകൃതിയെ നിശ്ശേഷം കീഴടക്കുക എന്നുള്ളതല്ലാതെ അതിൽനിന്നും ന്യൂനമായ മററൊന്നും ആയിപ്പോകരുതു്. നാം നേതാക്കളാകണം; പ്രകൃതി അങ്ങിനെയാകരുതു്. ശരീരമൊ മനസ്സോ നമ്മുടെ നേതാക്കളാകരുതു്; "ശരീരം എന്റേതാണ് ഞാൻ ശരീരത്തിന്റേതല്ല" എന്നുള്ളതിനെ നാം മറക്കയും അരുതു്.

ഒരു ദേവനും ഒരു അസുരനും ആത്മാവിനെപ്പററി പഠിപ്പാനായി ഒരു വലിയ ഋഷിയുടെ അടുക്കൽ പോയി. അവർ അദ്ദേഹത്തിന്റെ അടുക്കൽ വളരെക്കാലം പഠിച്ചു. ഒടുവിൽ ഋഷി അവരോടു പറഞ്ഞു, "നിങ്ങൾ അറിവാൻ ആഗ്രഹിക്കുന്ന സത്ത് നിങ്ങൾ തന്നെയാണ്." അവരുടെ ശരീരങ്ങൾ തന്നെ ആത്മാവാണെന്നു രണ്ടു പേരും വിചാരിച്ചു. 'നമുക്ക എല്ലാം ആയി' എന്നു അവർ

പറഞ്ഞു് രണ്ടു പേരും തങ്ങളുടെ കൂട്ടരുടെ അടുക്കൽ മടങ്ങിയെത്തി ഇങ്ങിനെ പ്രസ്താവിച്ചു. "നാം പഠിക്കാനുള്ളതെല്ലാവും പഠിച്ചു; തിന്നുക, കുടിക്കുക, ഉല്ലാസമായിരിക്കുക; ആത്മാവു നാം തന്നെയാണു്; ഇതിനപ്പുറമായി യാതൊന്നും തന്നെയില്ല." അസുരന്റെ സ്വഭാവം അജ്ഞാനവും മൌഢ്യവും കൊണ്ടു ആവൃതമായിരുന്നു. അതു കൊണ്ടു അവൻ ഒരിക്കലും അപ്പുറം ഒന്നും അന്വേഷിപ്പാൻ പോയില്ല. എന്നാൽ താൻ തന്നെ ഈശ്വരനാണെന്നും. ആത്മാവെന്നു പറഞ്ഞാൽ ശരീരമെന്നത്ഥമാണെന്നുമുള്ള അഭിപ്രായം കൊണ്ടു സംപൂർണ്ണമാം വണ്ണം തൃപ്തിപ്പെട്ടിരുന്നു. ദേവന്റെ സ്വഭാവം കുറേക്കൂടി ശുദ്ധമായിരുന്നു. അതുകൊണ്ടു ആദ്യം അവൻ "ഞാൻ അതായതു് ഈ ശരീരം ആത്മാവാകുന്നു എന്നും, അതുകൊണ്ടു അതിനെ അരോഗമായും, ദൃഢമായും വച്ചും, വസ്ത്രാദികൾ കൊണ്ടു നല്ലവണ്ണം അലങ്കരിക്കയും, ശാരീരമായ എല്ലാത്തരം സുഖഭോഗങ്ങളും അതിനു നല്കുകയും ചെയ്യണമെന്നും അബദ്ധമായി വിചാരിച്ചുപോയി. എന്നാൽ അല്പദിവസങ്ങൾക്കുള്ളിൽ തങ്ങളുടേ ഗുരുവായ ഋഷി വിചാരിച്ച അത്ഥം ഇതായിരിപ്പാൻ തരമില്ലെന്നു് അയാൾ കണ്ടുപിടിച്ചു. ഇതിനേക്കാൾ ഉയന്നതായ എന്തെങ്കിലും ആയിരിക്കണം. അതുകൊണ്ടു അയാൾ തിരികേ ചെന്നു പറഞ്ഞു. "സ്വാമി അവിടന്നു എനിക്കു ഉപദേശിച്ചതു് ശരീരം ആത്മാവാണെന്നാണോ? അങ്ങിനേ ആണെങ്കിൽ ശരീരങ്ങൾ എല്ലാം നശിക്കുന്നതായി ഞാൻ കാണുന്നു, ആത്മാവു നശിപ്പാൻ പാടില്ലല്ലൊ." "നീയാണതു്" "കണ്ടുപിടിക്കുക" എന്നു് ഋഷി പറഞ്ഞു. അപ്പോൾ ദേവൻ ശരീരത്തേ വ്യാപരിപ്പിക്കുന്ന പ്രാണശക്തികൾ ആയിരിക്കണം ഋഷി പറഞ്ഞതിന്റെ അത്ഥം എന്നു വിചാരിച്ചു. എന്നാൽ കുറച്ചുകൂടി കഴിഞ്ഞപ്പോൾ ആ ദേവൻ താൻ ഭക്ഷിക്കുന്നു എങ്കിൽ ഈ പ്രാണശക്തികൾ ബലവത്തുക്കളായിരിക്കുന്നതായും ഉപവസിച്ചെങ്കിൽ ദുർബ്ബലങ്ങളായിത്തീരുന്നതായും കണ്ടു. വീണ്ടും ദേവൻ ഋഷിയുടേ അടുക്കൽ പോയി. "സ്വാമി പ്രാണശക്തികൾ ആത്മാവണെന്നാണൊ അവിടന്നത്ഥമാക്കുന്നതു്?" എന്നു ചോദിച്ചു. നിനക്കു വേണ്ടി നീ തന്നെ കണ്ടുപിടിച്ചുകൊൾക, നീയാണതു്" എന്നു് ഋഷി പറഞ്ഞു. ദേവൻ വീണ്ടും മടങ്ങിപ്പോയി. 'മനസ്സാണു് അതു്; പക്ഷെ അതുതന്നെ ആയിരിക്കണം ആത്മാവു്,, എന്നു വിചാരിച്ചു. എന്നാൽ അല്പദിവസം കഴിഞ്ഞു് അയാൾ ഇങ്ങിനേ ചിന്തിച്ചു, വിചാരങ്ങൾ ഏറ്റവും വിഭിന്നങ്ങളായിരിക്കുന്നു. ചില

പ്പോൾ നല്ലവ, ചിലപ്പോൾ ചീത്തയായുള്ളവ, അതുകൊണ്ടു ആത്മാവായിരിപ്പാൻ പാടില്ലാത്തവയെല്ലാം മനസ്സു അത്ര വളരേ വികാരമുള്ളതായിരിക്കുന്നു. തിരിയേ ഋഷിയുടെ അടുക്കൽ ചെന്നു "സ്വാമി! ആത്മാവു മനസ്സാണെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങിനേയാണൊ അവിടന്നു അർത്ഥമാക്കുന്നതു" എന്നു ചോദിച്ചു. "അല്ല, നീയാണു അതു; തന്നത്താൻ കണ്ടുപിടിച്ചുകൊൾക" എന്നു ഋഷി മറുപടി പറഞ്ഞു. ദേവൻ മടങ്ങിപ്പോയി. ഒടുവിൽ വിചാരങ്ങൾക്കെല്ലാം അതീതമായ ആത്മചൈതന്യം അവൻ തന്നെ എന്നുകണ്ടു. ഏകമായി, ജനിമരണങ്ങളില്ലാത്തതായി, വാളിന്നു ഛേദിക്കുകയോ, അഗ്നിക്കു ദഹിക്കുകയോ, കാററിനു ഉണക്കുകയോ, വെള്ളത്തിനു അലിക്കുകയോ ചെയ്യാൻ കഴിയാത്തതായി, ആരംഭമോ ഉത്ഭവമൊ ഇല്ലാത്തതായി നിശ്ചലമായി, നിസ്സംഗമായി, സർവ്വജ്ഞമായും, സർവശക്തിമത്തായും ഉള്ള ആ സത്ത് ആണ് എന്നും, അതു ശരീരമോ, മനസ്സോ അല്ലെന്നും, അവയെല്ലാററിനും അതീതമായിട്ടുള്ളതാണെന്നും കണ്ടു. അതുകൊണ്ടു ദേവൻ കൃതാർത്ഥനായി. സാധുവായ ആ അസുരനാകട്ടേ ശരീരത്തിൽ തനിക്കുള്ള അതിപ്രേമം കൊണ്ടു വാസ്തവം മനസ്സിലായില്ല.

ഈ അസുരസ്വഭാവമുള്ളവരായി ലോകത്തിൽ വളരേ ആളുകൾ ഉണ്ടു. എന്നാൽ ദേവന്മാരായും ചിലരൊക്കെ ഇല്ലെന്നില്ല. ഇന്ദ്രിയസുഖാനുഭവത്തിനുള്ള ശക്തിയെ ഉദ്ദീപിപ്പിക്കുന്നൊരു ശാസ്ത്രം പഠിപ്പിപ്പാനായി ഒരുവൻ പുറപ്പെടുകയാണെങ്കിൽ അതിന്നുവേണ്ടി ജനസമൂഹങ്ങൾ സന്നദ്ധരാകുന്നതു അവൻ കാണുന്നു. മനുഷ്യവർഗ്ഗത്തിന്നു പരമഗതിയെ കാണിച്ചുകൊടുപ്പാൻ ഒരുവൻ ഒരുങ്ങുകയാണെങ്കിൽ അവർ അതിനെ അശേഷം ഗണ്യമാക്കാറേ ഇല്ല. സർവ്വോപരിഷ്ഠമായ ആ തത്വത്തെ ഗ്രഹിപ്പാൻ ശക്തിയുള്ളവർ വളരേ ചുരുക്കമാണു. അതിനെ പ്രാപിപ്പാൻ വേണ്ട ക്ഷമയുള്ളവർ അതിനേക്കാൾ ചുരുക്കമത്രേ. എന്നാൽ ശരീരം ഒരായിരം കൊല്ലത്തേക്കു സൂക്ഷിച്ചു വച്ചിരുന്നാലും അവസാനത്തേ ഫലം എല്ലാം തുല്യംതന്നെ എന്നും ഏതാനം ചിലർ അറിയുന്നുണ്ടു. ശരീരത്തേ ഒന്നായി ധരിച്ചുകൊണ്ടിരിക്കുന്ന ഘടകശക്തികൾ എപ്പോൾ പൊയ്പോകുന്നുവോ അപ്പോൾ ശരീരം വീഴുക തന്നെ ചെയ്യും. ശരീരത്തെ അതിന്റെ മാററത്തിൽ നിന്നു ഒരു നിമിഷം തടുത്തുവെയ്പാൻ കഴിഞ്ഞിട്ടുള്ള ഒരു മനുഷ്യൻ ഇതുവരേ ജനിച്ചിട്ടില്ല. ശരീരം എന്നതു മാററങ്ങളുടേ ധാരയുള്ളപേ

ളാകുന്നു. “ഒരു നദിയുടെ പ്രവാഹങ്ങൾ ക്ഷണംതോറും നിങ്ങളുടെ മുമ്പിൽ മാറിക്കൊണ്ടിരിക്കുകയും, പുതിയ പ്രവാഹങ്ങൾ വന്നുകൊണ്ടിരിക്കയും, എങ്കിലും നദി തുല്യരൂപത്തെ വഹിച്ചിരിക്കയും ചെയ്യുന്നതെങ്ങിനെയോ ശരീരത്തിന്റെയും സ്ഥിതി അങ്ങിനെ ആകുന്നു”. എന്നാലും ശരീരത്തെ ബലവത്തായും, അരോഗമായും വച്ചുകൊള്ളേണ്ടതുതന്നെ. അതു നമുക്കുള്ള മുഖ്യമായ സാധനമാണു.

ഈ മനുഷ്യശരീരം ലോകത്തിൽവച്ചു ഉൽകൃഷ്ടമായ ശരീരമാകുന്നു. മനുഷ്യജീവി ലോകത്തിൽ വച്ചുൽകൃഷ്ട ജീവിയുമാണു്. എല്ലാജന്തുക്കളേയുംകാൾ മനുഷ്യൻ ശ്രേഷ്ഠനാകുന്നു; മനുഷ്യനേക്കാൾ ശ്രേഷ്ഠനായി ആരുംതന്നെയില്ല. ദേവന്മാർപോലും അവതരിച്ചു ഒരു മനുഷ്യശരീരത്തെ കൈക്കൊണ്ടിട്ടുവേണം മോക്ഷം പ്രാപിപ്പാൻ, മനുഷ്യൻമാത്രമെ പരിപൂർണ്ണതയെ പ്രാപിക്കുന്നുള്ളു, ദേവന്മാർ കൂടിയും പ്രാപിക്കുന്നില്ല. യഹൂദന്മാരുടെയും, മഹമ്മദീയരുടെയും മതപ്രകാരം ഈശ്വരൻ ദേവന്മാരേയും, മറ്റെല്ലാവറ്റേയും സൃഷ്ടിച്ചശേഷമാണു് മനുഷ്യനെ സൃഷ്ടിച്ചതു്. മനുഷ്യനെ സൃഷ്ടിച്ചിട്ടു് ഈശ്വരൻ ദേവന്മാരെ വിളിച്ചു അവനു സലാം കൊടുപ്പാൻ കല്പിച്ചു. ഇബിലീസിനെ ഒഴിച്ചു മറ്റെല്ലാവരും അപ്രകാരം ചെയ്തു. അതുകൊണ്ടു ഈശ്വരൻ ഇബിലീസിനെ ശപിക്കയും, അവൻ സാത്താൻ അല്ലെങ്കിൽ പിശാചു ആയിത്തീരുകയും ചെയ്തു. നമുക്കു ലഭിപ്പാൻ കഴിയുന്ന ജന്മങ്ങളിൽ മുഖ്യമായിട്ടുള്ളതു് മനുഷ്യജന്മമാണെന്നുള്ളതാകുന്നു ഈ അന്യാപദേശത്തിന്റെ അടിയിലുള്ള മഹത്തായ പരമാൎത്ഥം. താണതരം സൃഷ്ടികൾ, അതായതു ജന്തുക്കൾ ജഡബുദ്ധികളാണു്. പ്രായേണ അവ താമസഗുണത്തിൽ നിന്നു സൃഷ്ടിക്കപ്പെട്ടവയും ആകുന്നു. ജന്തുക്കൾക്കു ഉയൎന്നതരംവിചാരങ്ങൾ ഒന്നും വിചാരിപ്പാൻ കഴികയില്ല. മനുഷ്യജന്മത്തോടുകൂടാതെ ദേവന്മാൎക്കും സാക്ഷാൽ മോക്ഷംപ്രാപിപ്പാൻ കഴികയില്ല. മനുഷ്യസമുദായത്തിലും അതുപോലെതന്നെ അതിമാത്രമായ ധനവും, അതിമാത്രമായ ദാരിദ്ര്യവും ആത്മാവിന്റെ ഉൽകൃഷ്ടതരമായ അഭിവൃദ്ധിക്കു പ്രതിബന്ധമാകുന്നു. ഇടത്തരം ജനങ്ങളുടെ ഇടയിൽനിന്നാണു് ലോകത്തിലെ മഹാത്മാക്കൾ എല്ലാം ഉണ്ടാകുന്നതു്. ഇവരിലാണു് ശക്തികൾ തുല്യമായി ഘടിപ്പിക്കപ്പെട്ടും സമീകരിക്കപ്പെട്ടും ഇരിക്കുന്നതു്.

### പൊന്നുതമ്പുരാൻ തിരുമനസ്സിലെ
### തിരുനാൾ മംഗളങ്ങൾ.

വന്നൂമംഗല്യവാദ്യധ്വനിതടവി യിളങ്കാററുഷസ്സിങ്കലെ,ന്തി
ങ്ങെന്നല്ല ദേവാലയത്തൊടു ജനവദനാബ്ജങ്ങളെല്ലാം വിളങ്ങി,
എന്നൊത്തെക്കാളുമേറും പ്രഭയൊടുമുയരുന്നർക്കനും : പാർക്കിൽ നേരാ
ണിന്നല്ലോ മൂലഭൂപാലകന്റെ തിരുവയസ്സെത്തിയമ്പത്തിമൂന്നിൽ! ൧.
കേഴുന്നോരന്നൊക്കെയുള്ളം, കരുണജന്നതയിൽക്കൊള്ളു മിത്തമ്പുരാനൊ
ത്തൂഴിക്കുള്ളൊരു കനവുണ്ടോ? ധ്രുവതമനുജനുണ്ടാകുമൊ? പോട്ടതെല്ലാം,
താഴാതംഭോജനാഭന്റെ സദയനിഭംപൊഴിക്കട്ടെസാക്ഷാൽ കടാക്ഷം!
വാഴട്ടെ! വഞ്ചിഭൂപൻ തിരുവടിചിര മാരോഗ്യഭാഗ്യങ്ങളോടും.!! ൨.

എൻ കുമാരൻ ആശാൻ,

### പാട്ട്
ഹിന്ദുസ്ഥാനികാപ്പി ആദിതാളം
(നിയതം മുദ മുദ എന്ന മട്ടിൽ)

(പല്ലവി) സുചിരം വിലസുക വഞ്ചിനരേന്ദ്രൻ
ശുചിയായ് മഹാഭാഗൻ ശ്രീമാൻ മതിമാൻ
കരുണാജലധിയാം, ശ്രീപത്മനാഭന്റെ
ചരണാംബുജംനിത്യം സേവിക്കുമീധന്യൻ. (സു) ൧.
ഒരുപോൽ പ്രജകളെ പാലിച്ചു പോരുന്ന,
പുരുഷ കുലചന്ദ്രൻ, ശ്രീരാമഭൂപൻ (സു) ൨.
പരമാം പരിഷ്കാരം വേണ്ടതിലേററവും
പലതും പരത്തുന്ന പത്മാധിവാസൻ (സു) ൩.
ധരണി ജലധിയിൽ മുങ്ങീട്ടു മാധവൻ
അരയാലിലതന്നിൽ ശയിക്കും വരെക്കും (സു) ൪.

എസ് പത്മനാഭപ്പണിക്കർ

---

## പത്രാധിപക്കുറിപ്പുകൾ.

——:o:——

ഞങ്ങളുടെ മഹാരാജാവ് തിരുമനസ്സിലെ ആട്ടത്തിരുനാൾ.

ഈ കഴിഞ്ഞ കന്നി ൮-ാംനു- ഈ ടൌണിൽമാത്രമല്ല വിസ്തീർണ്ണമായ തിരുവിതാംകൂറിന്റെ ഏതുകോണിലും കരുണാനിധിയായ മഹാരാജാവു തിരുമനസ്സിലെ ൫൦-ാമത്തെ തിരുവയസ്സുതികഞ്ഞ ജ

ന്മനക്ഷത്ര മഹോത്സവം അവിടത്തെ പ്രജകൾ എല്ലാം ജാതിമതഭേദംകൂടാതെ ആനന്ദകരമാംവണ്ണം ആഘോഷിച്ചിരിക്കുന്നു. കാളിദാസമഹാകവി വർണ്ണിച്ചിട്ടുള്ളപോലെ "പ്രകൃതിരഞ്ജനം" കൊണ്ടു ഇത്ര അന്വർത്ഥമായ രാജശബ്ദം വഹിക്കുന്ന ഒരു മഹാരാജാവു ഇക്കാലത്തു ദുർല്ലഭമാണെന്നു പറവാൻ അവിടത്തെ സർവ്വതോമുഖമായ കാരുണ്യത്തെ ആസ്വദിച്ചും, സർവ്വജനീനമായ ഭരണനയത്താൽ ദിനംപ്രതിയെന്നപോലെ അഭിവൃദ്ധിയെ പ്രാപിച്ചും വരുന്ന മുഴുവൻ പ്രജകളിൽ ഒരു പ്രധാനവർഗ്ഗക്കാരായ ഞങ്ങൾ അശേഷം മടിക്കേണ്ടതില്ല. കാലം പോകുംതോറും തിരുമനസ്സിലേക്കു പ്രജകൾക്കുള്ള സ്ഥിരമായ ഭക്തിസ്നേഹബഹുമാനങ്ങൾ അധികമധികം വർദ്ധിക്കുന്നു. അതിനെ തിരുനാളാഘോഷരൂപേണ ഏതാണ്ടു പുറത്തു കാണിപ്പാൻ കിട്ടിയിരിക്കുന്ന ഈ അവസരത്തെ അവർ എത്ര ആശാവേശത്തോടുകൂടിയാണു കാത്തിരിക്കയും, എത്ര ഉല്ലാസപൂർവ്വമാണ് കൊണ്ടാടുകയും ചെയ്യുന്നു എന്നുള്ള വസ്തുതയെ പറഞ്ഞറിയിപ്പാൻ പ്രയാസം. തിരുമനസ്സിലെ പൂർവ്വന്മാരായ തിരുവിതാംകൂറിലെ മഹാരാജാക്കന്മാരെല്ലാം പരാക്രമംകൊണ്ടും, ഭരണനൈപുണ്യംകൊണ്ടും പാണ്ഡിത്യംകൊണ്ടും അദ്വിതീയന്മാരായിരുന്നു. എന്നാൽ വിശ്വ വിശ്രുതരായ ആ മുൻഗാമികളിലാർക്കും സിദ്ധിച്ചിട്ടില്ലാത്ത മഹാഭാഗ്യമാണ് തിരുമനസ്സിലേക്കുള്ളതെന്നു അവിടത്തെ സ്നേഹമേറിയ പ്രജകൾ എപ്പോഴും അഭിമാനപൂർവ്വം കരുതിപ്പോരുന്ന ഒരു വസ്തുതയാകുന്നു. ഇരുപത്തഞ്ചു കൊല്ലങ്ങൾക്കുമുമ്പു കണ്ടിരുന്ന തിരുവിതാംകൂറിനെയല്ല ഇപ്പോൾ നാം കാണുക. ഇന്നത്തെപ്രജകൾ അന്നത്തെപ്രജകളല്ല. രാജ്യഭരണസംബന്ധമായ ഇന്നത്തെ പരിപക്വമായ വിചാരങ്ങളും അഭിപ്രായങ്ങളും അന്നു അങ്കുരിച്ചിരുന്നോ എന്നുതന്നെ സംശയം. വിദ്യാഭ്യാസംകൊണ്ടും, ബുദ്ധിപരിഷ്കാരംകൊണ്ടും, പൗരയോഗ്യമായ മററനേക ഉൽകൃഷ്ടഗുണങ്ങളെക്കൊണ്ടും, ഉയർന്നപടിയിൽ എത്തുകയും, അഭിവൃദ്ധിമാർഗ്ഗത്തിൽ ഊക്കോടെ മുമ്പോട്ടുകയറിപ്പോകയും ചെയ്യുന്ന നാനാജാതിമതസ്ഥന്മാരടങ്ങിയ ഒരു വലിയ പ്രജാസമൂഹത്തെ സമാധാനഭംഗം കൂടാതെയും ക്ഷേമമായും പരിപാലിച്ചുകൊണ്ടുപോകുന്ന ഒരു മഹാരാജാവിന്റെ സ്ഥാനം നിശ്ചയമായും, ജഗന്നിയന്താവിനാൽ സവിശേഷം അനുഗ്രഹിക്കപ്പെട്ട ഒന്നായിരിപ്പാനെ പാടുള്ളു. ഈ അനുഗ്രഹത്തെ ചിരസ്ഥായിയാക്കുവാൻ ശ്രീപത്മനാഭനോടുള്ള പ്രാർത്ഥനയാണ് ഈ അവസരത്തിൽ കരുണാനിധിയായ പൊന്നുതമ്പുരാൻ തിരുമനസ്സി

ലേക്കു ദീർഘായുരാരോഗ്യ സൌഖ്യങ്ങളെ സംബന്ധിച്ചുള്ള ഹൃദയപൂർവ്വമായ ഞങ്ങളുടെപ്രാർത്ഥന– തിരുവിതാംകൂറിലെ അഞ്ചുലക്ഷം തീയരുടെ പ്രാർത്ഥന.

തിരുവിതാംകൂർഗവർമെന്റും ഈഴവരുടെ വിദ്യാഭ്യാസവും.

ഞങ്ങൾ ഈ ലക്കം 156-ാമത്തുപേജിൽ തർജ്ജമചെയ്തു ചേർത്തിട്ടുള്ള ഗവർമ്മെന്റു പ്രൊസീഡിംഗസ് വായനക്കാരുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചിരിക്കുമെന്നു വിചാരിക്കുന്നു. രാജഗോപാലാചാരി അവർകളുടെ ഭരണനയത്തെപ്പററി ഞങ്ങൾക്കുണ്ടായിരുന്ന ആശംസയും വിശ്വാസവും ഒരിക്കലും അസ്ഥാനത്തിലല്ലെന്നുള്ളതിനു അതു് ധൈര്യപ്രദമായ ഒരു ദൃഷ്ടാന്തമാകുന്നു. ഈഴവരുടെ ആൺകുട്ടികൾക്കു ഇപ്പോൾ പ്രവേശം അനുവദിച്ചിട്ടില്ലാത്ത സ്കൂളുകളെ സംബന്ധിച്ചു ഗവർമെന്റു ചെയ്യുന്ന കരുണാപൂർവ്വമായ അന്വേഷണങ്ങളെയും നടത്തുന്ന നടപടികളേയും അവയിൽ പാട്ടുള്ളിടത്തോളം പ്രദർശിപ്പിക്കുന്ന ശീഘ്രതയെയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം അഭിനന്ദിച്ചുകൊള്ളുന്നു. ഈ ഫാവൃത്തത്തെ കൊല്ലവർഷം അവസാനിക്കുന്നതിനുമുമ്പിൽ ഈഴവബാലന്മാരുടെ സ്കൂൾപ്രവേശസംബന്ധമായ സങ്കടങ്ങൾക്കു അശേഷം നിവൃത്തിയുണ്ടാകുമെന്നു ഗവർമ്മെന്റു് വിശ്വസിക്കുന്നതായി പ്രൊസിഡിംഗസിൽ നിന്നറിയുന്നതിൽ ചരിതാർത്ഥത ഭാവിക്കുകയും ആ അവധിയെ ശ്രേയോവഹമായ ഒരു പുതിയ കാലാരംഭത്തെപ്പോലെ ഞങ്ങൾ തൃഷ്ണയോടെ കാത്തിരിക്കയും ചെയ്യുന്നു.

ഇനി ഈ വിഷയത്തിൽ ഈഴവർക്കുള്ളതും ഇപ്പോൾതന്നെ ഗവർമെന്റിന്റെദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടിട്ടുള്ളതുമായ സങ്കടം അവരുടെ പെൺകുട്ടികളുടെ സ്കൂൾപ്രവേശനത്തെയും മററു വിദ്യാഭ്യാസസംബന്ധമായ പ്രോത്സാഹനത്തെയും, പററിയുള്ളതാണ്. ഇതിനു ഇതുവരെ ഗവർമ്മെർറിൽ നിന്നു അവർക്കുത്സാഹപ്രദമോ തൃപ്തികരമൊ ആയ യാതൊരു വ്യവസ്ഥയും ചെയ്തിട്ടുള്ളതായി അറിയുന്നില്ല. എങ്കിലും കേമനായ രാജഗോപാലാചാരി അവർകളുടെ വിസ്മയകരമാംവണ്ണം അഗാധമായ കൃത്യബോധത്തിലും പക്ഷപാതരഹിതമായ നയത്തിലും ഭരണ സാമർത്ഥ്യത്തിലുമുള്ള ദൃഢവിശ്വാസം കൊണ്ടു അവർ നിരാശപ്പെടുന്നില്ല; ആൺകുട്ടികൾക്കു എന്നപോലെതന്നെ പെൺകുട്ടികൾക്കും വിദ്യാഭ്യാസസംബന്ധമായി പൂർണ്ണസൌകര്യവും സ്വാതന്ത്ര്യവും ലഭിപ്പാൻപോകുന്ന ഒരു ദിവസം ഇതുപോലെ അടുത്ത ഭാവിയിൽതന്നെ അദ്ദേ

ഹം പ്രസിദ്ധപ്പെടുത്തുമെന്നും, അന്നു വലയിൽനിന്നു മോചിച്ച കിളികളെപ്പോലെ അനേകലക്ഷം ഈഴവബാലികമാർ ആനന്ദഭരിതരായി ഈ മഹാത്മാവിന്റെ പേരിനെ ഉപശ്ലോകനം ചെയ്യുന്ന മധുരഗീതങ്ങളാൽ തിരുവിതാംകൂർ വായുമണ്ഡലം മുഴുവൻ ശബ്ദായമാനമാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഇതിനിടയിൽ ആ വിഷയത്തിൽ എന്തു പ്രവർത്തിക്കണമെന്നും എങ്ങിനെ പ്രവർത്തിക്കണമെന്നും മററുമുള്ള വിവരങ്ങളെ അതാതു സ്ഥലങ്ങളിലെ സ്ഥിതിയെയും ആവശ്യത്തെയും അനുസരിച്ചു ന്യായമായി ഗവർമെന്റിനെ അപ്പോളപ്പോൾ തെര്യപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതു യോഗത്തിന്റെയും സമുദായത്തിൽ കാര്യബോധമുള്ള എല്ലാവരുടേയും ചുമതലയാകുന്നു. വിദ്യാഭ്യാസവിഷയത്തിൽ ഗവർമെന്റിന്റെ സഹായത്തെ പാടുള്ളതിലധികം പ്രതീക്ഷിക്കുകയോ തങ്ങളുടെ ചുമതലയെ ഗവർമെന്റിന്റെ ചുമതലയായി കരുതി സ്വജനങ്ങൾ അലസരായിരിക്കയോ ചെയ്യയില്ലെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

### ഈ വരുന്ന ശ്രീമൂലം പ്രജാസഭയിലെ
### യോഗം പ്രതിനിധി.

ഈ കന്നി ൯-ാംനു ശ്രീ. നാ. ധ. പ. യോഗം ആഫീസിൽ കൂടിയ യോഗാംഗങ്ങളുടെ ഒരു വിശേഷാൽ യോഗത്തിൽ കൃഷ്ണപുരം മുൻസിപ്പുകോട്ടുവക്കീൽ മിസ്റ്റർ. കെ. കുഞ്ഞുപണിക്കരെ ടി യോഗം വക പ്രതിനിധിയായി തിരഞ്ഞെടുത്തിരിക്കുന്നു. ഇദ്ദേഹം പ്രതിപാദിപ്പാൻ തിരിഞ്ഞെടുത്തിരിക്കുന്നതു രണ്ടു വിഷയങ്ങളാകുന്നു. (൧) ഈഴവബാലികമാക്കു ക്രിസ്ത്യൻ ബാലികമാക്കു പ്രവേശമുള്ള ഗവർമ്മേൻറു സ്കൂളുകളിലെങ്കിലും പ്രവേശം അനുവദിക്കണം (൨) കഴിഞ്ഞ പ്രജാസഭയിൽ ഈഴവരുടെ പെൺപള്ളിക്കൂടങ്ങൾക്കു 'ഉദാരമായ' ഗ്രാൻറു കൊടുക്കാമെന്നു ഗവർമ്മേൻറു ചെയ്ത ദയവേറിയ വാഗ്ദാനത്തെ പൂർത്തിയാക്കുന്നതിനായി രേട്ടത്താവിയിൽ ഈഴവർ അധികം സ്കൂളുകൾ ഉണ്ടാക്കത്തക്കവണ്ണം പ്രോത്സാഹകവും, ഖണ്ഡിതവുമായ ഒരു ഉയർന്ന ഗ്രാൻറുനിരക്കു അവർക്കായി സക്കുലർമൂലമോ മററോ വ്യവസ്ഥപ്പെടുത്തണം. പ്രതിനിധിക്കു ഈ രണ്ടു വിഷയങ്ങളേയും സംബന്ധിച്ചു പലതും പറവാൻ ഉണ്ടാകും. എന്നാൽ യോഗം പ്രതിനിധി സംസ്ഥാനം മുഴുവൻ ഉള്ള ഈഴവരുടെ പ്രതിനിത്യം വഹിക്കേണ്ടിയിരിക്കുന്നതിനാൽ തന്റെ വിഷയത്തെ സംബന്ധിച്ചു വളരെ വിവരമായ അറിവു അദ്ദേഹത്തിനു ആവശ്യമായിവരും. അതുകൊണ്ടു ക്രിസ്ത്യാനികൾക്കു പ്രവേശമുള്ള, മറ്റുമെല്ലാം സ്കൂളുകളിൽ ഈഴവപ്പെൺ

കുട്ടികൾക്കു പ്രവേശം ഇപ്പോൾ അനുവദിക്കുന്നില്ലെന്നും, ഏതെല്ലാം പെൺപള്ളിക്കൂടങ്ങൾ പ്രോത്സാഹകമായ ഗ്രാന്റു കിട്ടാത്തതിനാൽ അധോഗതിയെ പ്രാപിക്കയോ, ഞെരുങ്ങുകയോ ചെയ്യുന്നുണ്ടെന്നും, ഏതെല്ലാം സ്ഥലങ്ങളിൽ തൃപ്തികരമായ ഗ്രാന്റു കിട്ടിയാൽ പെൺപള്ളിക്കൂടങ്ങൾ സ്ഥാപിപ്പാൻ ജനങ്ങൾ തയാറുണ്ടെന്നും, എവിടെയെല്ലാം ഗവർന്മെന്റു ചിലവിന്മേൽതന്നെ സ്കൂളുകൾ സ്ഥാപിക്കേണ്ട വാസ്തവമായ ആവശ്യകതയുണ്ടെന്നും, ഏതെല്ലാം ഗ്രാന്റുപെൺപള്ളിക്കൂടങ്ങൾ മാനേജരന്മാരുടെ അപ്രാപ്തിയാലോ അസൌകര്യത്താലോ ഗവർന്മെന്റുസ്കൂളുകളായി വിട്ടുകൊടുപ്പാൻ തയാറുണ്ടെന്നും മററുമുള്ള വിവരങ്ങൾ വാസ്തവമായും വിശദമായും അന്വേഷിച്ചറിഞ്ഞു വൃശ്ചികം ൩൦-ാംനു-ക്കു മുമ്പു ഈ ആഫീസിൽ കിട്ടത്തക്കവണ്ണം എഴുതി അയച്ചുതരുവാൻ കാര്യബോധവും സമുദായസ്നേഹവുമുള്ള എല്ലാമാന്യന്മാരോടും പ്രതിനിധിക്കുവേണ്ടി ഞങ്ങൾ ആവശ്യപ്പെട്ടുകൊള്ളുന്നു.

## ശിവഗിരി മഠത്തിലേക്കു
## വേറൊരു വലിയ സംഭാവന.

---

കഴിഞ്ഞുപോയ റാവുബഹദൂർ പി. വേലായുധൻ അവർകളുടേയും ഡാക്ടർ പല്പു അവർകളുടേയും സഹോദരീഭർത്താവും ഇവിടത്തെ ഒരു പ്രസിദ്ധ കണ്ട്രാക്ടരും യോഗത്തിന്റെ ആദ്യംമുതൽക്കുള്ള ഒരു അംഗവുമായ തിരുവനന്തപുരം പെ[illegible]ശ്ശേരിൽ കൃഷ്ണൻമാർത്താണ്ഡൻ അവർകൾ അദ്ദേഹത്തിന്റെ സമ്പാദ്യത്തെ ഭാഗിച്ചു ഈയിടെചെയ്ത ഒരുടമ്പടിയിൽ ൫൦൦൦-ബ്രിട്ടീഷുരൂപാ ശിവഗിരിമഠത്തിലേക്കു കൊടുപ്പാൻ നീക്കിയിരിക്കുന്ന വിവരം ഞങ്ങൾ സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഈ സംഖ്യയുടെ പലിശകൊണ്ടു മഠത്തിൽനിന്നു യോഗ്യനായ ഒരു ബ്രഹ്മചാരിയുടെ ചിലവുനടത്താൻ നിത്യമായ വ്യവസ്ഥ ചെയ്യണമെന്നാണ് ഉടമ്പടിയിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഈ വിഷയത്തിൽ ഇതിനുമുമ്പു ഒന്നാമതായി ൫൦൦൦- ക. സംഭാവനചെയ്തതു കൊല്ലം മംഗലശ്ശേരി ഗോവിന്ദൻചാന്നാർ അവർകളായിരുന്നു. ആത്മശ്രേയസ്കരമായ ഈ ഔദാര്യകൃത്യത്തിൽ ഈ മാന്യന്മാരെ പിന്തുടരുവാൻ സമുദായത്തിൽ അനേകമാളുകളുണ്ടാകുമെന്നു ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു. ഇത്ര വലുതായ സംഖ്യയല്ലെങ്കിലും തങ്ങളുടെ സ്വത്തുക്കളെ ഭാഗിക്കുമ്പോൾ ഏതെങ്കിലും ഒരംശം നമ്മുടെ മതസംബന്ധമായ ഈ ധർമ്മസ്ഥാപനത്തിലേക്കു നീക്കിവയ്ക്കുന്നതു സമുദായത്തിൽ ഒരുവിധം ശേഷിയുള്ള അംഗങ്ങളെല്ലാം തങ്ങളുടെ കൃത്യമായി കരുതേണ്ടകാലം വൈകിയിരിക്കുന്നു എന്നുകൂടി ഈ അവസരത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയുള്ള സംഭാവനകളെക്കൊണ്ടല്ലാതെ വിചാരിക്കുന്ന വേഗത്തിൽ നമ്മുടെ സ്ഥാപനങ്ങൾക്കു വളരാനും അവയിൽനിന്നാശിക്കപ്പെട്ടിരിക്കുന്ന ഗുണങ്ങൾ നമുക്കനുഭവമാവാനും പ്രയാസമുള്ളതാകുന്നു. നേരെമറിച്ചു നമ്മുടെ ജനങ്ങൾ ഈവിഷയത്തിൽ ശ്രദ്ധിവച്ചാൽ അല്പകാലത്തിനുള്ളിൽ ഈ ആരംഭങ്ങൾ അത്ഭുതകരമായ വളർച്ചകളെ പ്രദർശിപ്പിക്കുമെന്നുള്ളതു നിശ്ചയ

## തേവലക്കര ഈഴവ സമാജവും, അതിന്റെ സ്തുത്യർഹമായ ശ്രമങ്ങളും.

---

നമ്മുടെ ഇടയിൽ ഏതെങ്കിലും, ഒരു സമാജമോ യോഗമോ സ്ഥിരമായും നല്ലനിലയിലും നടക്കുന്നുണ്ടെങ്കിൽ അതു നിശ്ചയമായും സ്വാർത്ഥത്യാഗികളായ ഒന്നോ രണ്ടോ യോഗ്യന്മാരുടെ ശ്രമഫലമായിരിക്കുമെന്നുള്ളത് പലപ്പോഴും അറിവാൻ ഇടവന്നിട്ടുള്ള ഒരു വസ്തുതയാകുന്നു. തേവലക്കര സമാജത്തെസംബന്ധിച്ചും അതങ്ങിനെതന്നെ. ഈ സമാജത്തിന്റെകീഴിൽ നടത്തപ്പെട്ടുവന്ന പ്രവൃത്തികൾ എല്ലാം യോഗ്യനായ മെമ്പർ കേ. കൊച്ചുഗോവിന്ദൻ ചാന്നാരുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമാണെന്നു പ്രസ്താവിക്കുന്നതു വെറും വസ്തുതയല്ലാതെ ഒരിക്കലും സ്തുതിയായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല.

ഈ സമാജത്തെപ്പററി ഇതിനുമുമ്പു പുറത്തുള്ളവരും, ഞങ്ങൾതന്നെയുംവേണ്ടിടത്തോളം യാതൊന്നും അറിഞ്ഞിരുന്നില്ലെങ്കിലും ഇതാരംഭിക്കയും ഇതിന്റെമൌനമായ യത്നം തുടരുകയും ചെയ്തു. ൧൦൭൯-ൽ അതായത് എസ്. എൻ. ഡി. പി. യോഗം രജിസ്റ്റർ ചെയ്തു ഒരുകൊല്ലം കഴിഞ്ഞപ്പോൾ ആയിരുന്നു.

ആചാരപരിഷ്കരണത്തെസംബന്ധിച്ചു സ്വാമിതൃപ്പാദങ്ങളിൽ നിന്നും യോഗംമുഖേനയും ഉണ്ടായിട്ടുള്ള എല്ലാനിശ്ചയങ്ങളെയും ഈ സമാജത്തിൽ ഇന്നുവരെ കൃത്യമായനുഷ്ഠിച്ചുവരുന്നു. അനാവശ്യമായ അടിയന്തിരങ്ങൾ നിറുത്തൽചെയ്കയും, ചിലവു ചുരുക്കുകയും, വിവാഹം പുതിയരീതി അനുസരിച്ചുതന്നെ നടത്തപ്പെടുകയും ചെയ്തുവരുന്നു. സ്ഥലത്തെ പഴയ ക്ഷേത്രത്തിൽ ജന്തുഹിംസ കഴിഞ്ഞ കൊല്ലത്തിൽ സ്വാമിപാദങ്ങൾ അവിടെ എത്തി ഉപദേശിച്ചതോടുകൂടി അശേഷം നിറുത്തൽചെയ്യപ്പെട്ടിരിക്കുന്നു. മിസ്റ്റർ കൊച്ചുഗോവിന്ദൻചാന്നാരുടെ മാനേജുമെന്റിലും രക്ഷാധികാരത്തിലും നടത്തപ്പെടുന്ന സ്കൂൾകളെപ്പററിയാണ് ഇതിലധികം ഞങ്ങൾ അദ്ദേഹത്തെ ബഹുമാനിക്കുന്നതു. പലതരത്തിൽ ഇരുപതിൽപരം സ്കൂളുകൾ ഉള്ള തേവലക്കരപ്രവൃത്തിയിൽ ഉള്ള ഒററഗേൾ സ്കൂൾ മിസ്റ്റർ ചാന്നാരാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാകുന്നു. ഇതിന്നു ഗവർമ്മെന്റിൽനിന്നു ൮൰ മുതൽ ഗ്രാന്റു കിട്ടിവരുന്നുണ്ടു. ഇതിൽ നായന്മാർ, ക്രിസ്ത്യാനികൾ, ഈഴവർ ഈ എല്ലാജാതിക്കാരുടെയും പെൺകുട്ടികൾ ഒന്നായിരുന്നു പഠിച്ചുവരുന്നു. ൯൰-ൽ സ്ഥാപിക്കപ്പെട്ടതും ഗവർമെന്റു ധനസഹായം ലഭിച്ചുവരുന്നതുമായ കോവൂർ പുലയ സ്കൂളും ഇദ്ദേഹം സ്ഥാപിച്ചിട്ടുള്ളതാണ്. ഇതിനുംപുറമെ കുററിയിൽ ആയിരുന്ന അപ്പർപ്രൈമറി സ്കൂളിനെ ഇദ്ദേഹം തന്റെ മാനേജ്മെന്റിൽ എടുത്തു ഇപ്പോൾ ഒരു മിഡിൽസ്കൂളായി നടത്തിവരികയാകുന്നു. ഇതിനു ൪-ാം ക്ലാസ്സുമുതൽ മേല്പോട്ടുള്ളതിനു ഗ്രാന്റു സിദ്ധിച്ചിട്ടില്ല. ഇതിനുംപുറമെ സ്ഥലത്തെ മഹമ്മദീയർക്കുവേണ്ടി എസ്. എൻ. ഡി. പി. സ്കൂൾ എന്ന ഒരു പള്ളിക്കൂടംകൂടി ഈ ഉത്സാഹിയായ മാന്യൻ സ്ഥാപിച്ചുനടത്തിവരുന്നുണ്ട്. ഇതിനുമുഴുവൻ ശമ്പളഗ്രാന്റും ഗവർമ്മെന്റിൽനിന്നു സിദ്ധിച്ചിട്ടുണ്ട്. ഈ എല്ലാ സ്കൂളുകളിലും താഴ്ന്നജാതിക്കാരെ ഒഴിച്ചുള്ള മറെറല്ലാ സമുദായത്തിലെ കുട്ടികളും പഠിക്കുന്നുണ്ട്. മിസ്റ്റർ ചാന്നാർ ഈഴവകുട്ടികളോട് ഒരിക്കലും ഫീസു വാങ്ങാറില്ല. ഈ മഹാന്റെ സ്തുത്യർഹമായ പ്രവൃത്തികളെ പലരും അനുകരിച്ചാൽ നന്നായി.

# ഒരു റിപ്പോർട്ട്.

ആചന്ദ്രതാരസമാജം ആപ്പീസ്സ്

മ. രാ. രാ. കോട്ടയം.

൨൧- ൨- ൮൭

ശ്രീ നാരായണധർമ്മപരിപാലനയോഗം സിക്രട്ടറിയവർകൾക്കു.

ആചന്ദ്രതാര സമാജത്തിന്റെ ൪ാമത്തു വാർഷികയോഗം ൧൦൮൭ കന്നി ൧൦, ൧൧, ൧൨ തീയതികളിൽ കോട്ടയം പഴുത്തൻ പാറയിൽ ടി സമാജം പന്തലിൽ ചീരപ്പൻചിറ കൃഷ്ണപ്പണിക്കരവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു; ൧൦ നു- ഒരു മണിക്കു സഭയാരംഭിച്ചു; നീലകണ്ഠനാശാൻ അവർകൾ വിദ്യാഭ്യാസം ഇല്ലായ്കയാൽ സമുദായത്തിനുള്ള ദോഷങ്ങൾ, വിദ്യാഭ്യാസംകൊണ്ടുള്ള ഗുണങ്ങൾ ഇവയെക്കുറിച്ചു ഭംഗിയായും ദീർഘമായും പ്രസംഗിച്ചു. യോഗത്തിലേക്കു വന്നുചേരാൻ തരമില്ലാത്തവരുടെ കത്തുകൾ സിക്രട്ടറി വായിച്ചു. ൧൧ ാം തീയതി കാലത്തു ൮ മണി മുതൽ സഭ വീണ്ടും, തുടങ്ങി. യുവജനസമാജനത്തിനു ഒരുനിയമം എഴുതിപ്പാസാക്കി; ആചന്ദ്രതാരസമാജത്തിന്റെ ആരംഭംമുതൽക്കുള്ള റിപ്പോർട്ടുകൾ, കണക്കുകൾ ഇവ സിക്രട്ടറിവായിച്ചു; പാസാക്കി. കരതോറും ഏജന്റന്മാരെ നിയമിച്ചു; ക്ഷേത്രവും, പള്ളിക്കൂടവും സ്ഥാപിക്കുന്നതിനു ഏർപ്പാടുകൾ ചെയ്തു; കെട്ടുതെങ്ങു പിടിയരി മുതലായവ ഏർപ്പെടുത്തി; അടുത്തയോഗത്തിനു ഒരു ധനശേഖരം ചെയ്വാൻ നിശ്ചയിച്ചു; സംഭാവനലിസ്റ്റുകൾ പ്രചാരപ്പെടുത്തി. അനന്തരം, കരുവാ കൃഷ്ണനാശാൻ അവർകൾ ഈശ്വരാരാധന, ഐകമത്യം, ഹിന്ദുമതത്തിന്റെ മാഹാത്മ്യം, ക്ഷേത്രം, പള്ളിക്കൂടം മുതലായവ ഇല്ലായ്കകൊണ്ടുള്ള ദോഷങ്ങൾ, കോട്ടയത്തുകാരുടെ അപരിഷ്കാരം, ഇവകളെപ്പറ്റി പ്രസംഗംചെയ്തു ജനങ്ങളെ ആകർഷിച്ചു; അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എല്ലാവരുംസന്തോഷിച്ചു. അടുത്തു ഒരു വിശേഷാൽ പൊതുയോഗം ൧൦൮൭ തുലാം ൮ ാംനു- നടത്തുവാനും ആ യോഗത്തിൽ കല്ലറ്റാഴ്ചക്കാർക്കു അടിയന്തിരാദികളിലും മററും അവകാശം കിട്ടായ്കയാൽ ആയതു മേലാൽ കൊടുപ്പിപ്പാൻ യോഗത്തിൽ അയച്ചിരുന്ന ഹർജി തീരുമാനിക്കുന്നതിനും നിശ്ചയിച്ചു; മംഗളം പറഞ്ഞു സഭ പിരിഞ്ഞു.

എന്നു. ടി. സമാജം സിക്രട്ടറി കെ. എസ്സ് ശങ്കു.

# പലവക.

—:൦:—

## ഞങ്ങളുടെ സഹജീവികൾ.

“ന്യൂ ബ്വാർക്വാർട്ടർലിറിവ്യൂ”വിന്റെ സെപ്റ്റംബറിലെ പ്രതി കയ്പററിയിരിക്കുന്നു. ഇതിൽ പതിവുപോലെ സാരമേറിയ പലലേഖനങ്ങളും രാമായണത്തിലെ സന്മാർഗ്ഗപാഠങ്ങൾ എന്ന വിഷയത്തെപ്പററി കഴിഞ്ഞുപോയ പണ്ഡിതർ സുന്ദരംപിള്ള എം. ഏ. അവർകളുടെ അഭിപ്രായമവലംബിച്ചു റവ്. പൊന്നമ്പലം പിള്ള അവർകൾ കഴിഞ്ഞ കുറി എഴുതിയിരുന്ന ഒരു ലേഖനത്തെ എതൃത്തുകൊണ്ടുള്ള നമ്മുടെ ചീഫ് ജസ്റ്റീസ് ടി സദാശിവയ്യർ ബി. ഏ. എം. എൽ. അവർകളുടെ ഒരു ഖണ്ഡനലേഖനവും അടങ്ങിയിരിക്കുന്നു.

“മലബാറി” തിരൂർനിന്ന ഈ പേരിൽ വി. സി. ബാലകൃഷ്ണപ്പണിക്കരുടെ ആധിപത്യത്തിൽ ഈ കന്നി ൧-ാം൹ മുതൽ ഒരു മലയാള പ്രതിവാരപത്രം പുറപ്പെട്ടിരിക്കുന്നു. ഒരു നല്ല നിലയിൽ വരാനുള്ള ലക്ഷണം കാണുന്ന ഈ സഹജീവിയുടെ നിലനില്പിനെ ഞങ്ങൾ ആശംസിക്കുന്നു.

ലക്ഷ്മീഭായി, കേരളചിന്താമണി, ജന്മി, ഈ സഹജീവികൾ കയ്പററിയിരിക്കുന്നു. എല്ലാം പതിവുപോലെ നന്നായിട്ടുണ്ടെന്നു കാണുന്നു.

---

ശിവഗിരിമഠത്തിലെ ശാരദാമഠത്തിന്റെ ഉപയോഗത്തിനായി മദ്രാസി ഹൈക്കോർട്ടുവക്കീൽ മെയിററി കുന്നൻ ബി. ഏ. ബി. എൽ. അവർകൾ ൩൦൦ ചിത്രത്തറയോടുകളും കണ്ണൂർ ചാലക്കാലയിൽ കുന്നൻ കണ്ട്രാക്ടർ അവർകൾ ജനാലകൾക്കു ആവശ്യമുള്ള വസ്തുക്കളോടുകൂടി സംഭാവനയായി ചെയ്തുകൊടുത്തിരിക്കുന്നു.

തിരുവനന്തപുരം കണ്ട്രാക്ടർ കൃഷ്ണൻമാർത്താണ്ഡൻ അവർകൾ ശിവഗിരിമഠത്തിലേക്കു തന്റെ സ്വന്തത്തിൽനിന്നു ൧൦൦൦-ക. സംഭാവനചെയ്വാൻ ഏർപ്പാടു ചെയ്തിരിക്കുന്നു.

നമ്മുടെ പ്രാസംഗികൻ ശ്രീശിവപ്രസാദൻ അവർകൾ കൊല്ലംതാലൂക്കിൽ പലേസ്ഥലങ്ങളിൽ പ്രസംഗങ്ങൾ നടത്തിവരുന്നതായും ജനങ്ങൾക്കു അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ വളരെ പ്രതിപത്തി കാണുന്നതായും അറിയുന്നതിൽ സന്തോഷിക്കുന്നു.

സ്വാമിതിരുനാളുത്സവം കൊണ്ടാടിയവിവരത്തിനു ഒടുവിൽ പലസ്ഥലങ്ങളിൽനിന്നുകിട്ടിയ റിപ്പോർട്ടുകളിൽ ഏററവും പ്രധാനമായിട്ടുള്ളതു ചേവലക്കര ഈഴവസമാജക്കാരുടെ ആഘോഷമാകുന്നു. ഇവർ മേലാൽ സ്വാമിതിരുനാൾദിവസം വള്ളംകളിമുതലായ ചില ഏർപ്പാടുകൾ നിത്യമായി നടത്തപ്പെടാൻ വേണ്ട വ്യവസ്ഥകൾ ആലോചിച്ചുവരുന്നതായറിഞ്ഞു സന്തോഷിക്കുന്നു.

## ചരമങ്ങൾ.

ആലുമ്മൂട്ടിൽ ഇപ്പോഴത്തെ മൂത്തചാന്നാർ അവരുടെ നേരേ അനന്തിരവനും സമുദായസ്നേഹിയുമായ കൊച്ചുഗോവിന്ദൻചാന്നാർ അവർകളുടെ ഭാര്യയും സുശീലയുമായ ശ്രീമതിചിന്നമ്മ അവർകൾ ക്ഷയരോഗത്താൽ ഈ കന്നി ൧൦-ാം൹ ദേഹവിയോഗം ചെയ്തിരിക്കുന്ന വിവരം ഞങ്ങൾ ഏററവും വ്യസനപൂർവ്വം പ്രസ്താവിക്കേണ്ടി വന്നിരിക്കുന്നു.

ഒരു യോഗാംഗവും സ്വപരിശ്രമത്താൽ സ്വത്തുണ്ടാക്കിയ ഇവിടത്തെ സാമാന്യം ഒരു ധനവാനുമായ പേട്ടയിൽ കറത്തകട്ടിമുതലാളി എന്ന മാന്യൻ ഈയിടെ ചരമഗതിയെ പ്രാപിച്ചിരിക്കുന്നതായറിയുന്നതിൽ വ്യസനിക്കുന്നു.

## അവശിഷ്ടം.

വടക്കേ തിരുവിതാംകൂറിൽ ചേരാനല്ലൂർ എന്നസ്ഥലത്തു ഒരു ക്ഷേത്രം സ്ഥാപിപ്പാൻ സ്വജനങ്ങൾ ശ്രമിച്ചുവരുന്നതറിയുന്നതിൽസന്തോഷിക്കുന്നു ഇതിൻറെ പ്രധാനഉത്സാഹി താന്നിപ്പുഴതോപ്പിൽ ഉൻന്യ എന്നമാന്യനാണത്രേ.

യോഗത്തിൽ നിന്നു കുമാരൻസുബ്രഹ്മണ്യൻഎന്നആളിൻറെ പേരിൽ കൊടുത്ത നമ്പർ അന്യായപ്രകാരം വിധിച്ചിരിക്കുന്നു.

യോഗം വക ഓഹരി മൂന്നുകൊല്ലം തുടന്നുകൊണ്ടു കുടിശ്ശിഖ വരുത്തീട്ടുള്ള തിരുവനന്തപുരം പേട്ടയിൽ കുട്ടിമുതലാളി അടച്ചതു നീക്കി ബാക്കിഅടക്കേണ്ടതുമുഴുവൻ പണവും നിബന്ധനപ്രകാരമുള്ള പലിശയും ഈടാക്കാൻ ഉടനേ നമ്പർ പതിപ്പാൻ യോഗം കൌൺസിൽ തീച്ചയാക്കിയിരിക്കുന്നു.

യോഗം ഓഹരി വക പണം അടയ്ക്കാതെ കുടിശ്ശിഖയുള്ള യോഗാംഗങ്ങൾക്കു വിവേകോദയം മേലാൽപതിവിലക്കു കൊടുപ്പാൻ പാടില്ലെന്നു യോഗം ബോഡ് തീച്ചുചെയ്തിരിക്കുന്നു. അതുകൊണ്ടു തുലാമാസംമുതൽ കുടിശ്ശിഖയുള്ള അംഗങ്ങളിൽ നിന്നുപത്രവരി മററുള്ളവരിൽനിന്നു എന്നപോലെ കെല്ലത്തിൽ രണ്ടുറപ്പിക ക്രമത്തിനു വസൂൽ ചെയ്യുന്നതാകുന്നു.

---

## വില്പാൻ തയാറുള്ള യോഗംവക പുസ്തകങ്ങൾ.

| | | ണ. | പൈ. |
|---|---|---|---|
| ൧ | യോഗനിബന്ധന | ൨ | ൦ |
| ൨ | നാലാമതു വാഷികപൊതുയോഗം അദ്ധ്യക്ഷൻ (ബോംബെ പി. ഗോവിന്ദൻ) അവർകളുടേയും ഡാക്ടർ പപ്പു അവർകളുടേയും പ്രസംഗങ്ങൾ ഇംഗ്ലീഷ് | ൧ | ൦ |
| ൩ | ൭-ാമതു പൊതുയോഗത്തിൽ അദ്ധ്യക്ഷൻ (മദ്രാസ് ഹൈക്കോട്ട് വക്കീൽ ഒയി. ററി. കൃഷ്ണൻ ബി. ഏ. ബി. എൽ) അവർകളുടെ പ്രസംഗവും ഡാക്ടർ പപ്പു അവർകളുടെ സ്വാഗത പ്രസംഗവും ഇംഗ്ലീഷിൽ | ൦ | ൯ |

☞ യോഗ നിബന്ധന പുസ്തകം യോഗാംഗങ്ങൾ ആവശ്യപ്പെട്ടാൽ വിലകൂടാതെ അയച്ചുകൊടുക്കുന്നതാകുന്നു.

സിക്രട്ടരി എസ്. എൻ. ഡി പി യോഗം

തിരുവനന്തപുരം

ശിവഗിരിമഠം
൮൪. ൧൨. ൨൯.

ഇടവം ൧൫-ാംനു മുതൽ നാലുവരെ ശിവഗിരിമഠത്തിലേയ്ക്കു ഒരുറുപ്പികയിൽ കുറഞ്ഞ തുക സംഭാവന ചെയ്തിട്ടുള്ളവരുടെ പേരും തുകയും.

| | | രൂ. | ച. | കാശ |
|---|---|---|---|---|
| ൧. | കൊമരപുരത്തു കാണവിളയിൽ കൊച്ചുരാമൻ | ൧ | ൧൨ | 0 |
| ൨. | വെളിക്കാട്ടു നാണൻ മാധവൻ (കരുവാ) | ൧൪ | 0 | 0 |
| ൩. | ആലപ്പുഴ മട്ടാഞ്ചേരി വകക്കാതക ബംഗ്ലാവിൽ താമസിക്കുന്ന പാപ്പിയമ്മ | ൧൦ | 0 | 0 |
| ൪. | അഞ്ചുതെങ്ങിൽ വയലിൽ എൻ. ഗോവിന്ദൻ | ൨ | ൫ | 0 |
| ൫. | വലപ്പാട്ടിനടുത്ത അന്തിക്കാട്ട് മാടമ്പത്തു രാമൻ വൈദ്യൻ | ൩൦ | 0 | 0 |
| ൬. | തലശ്ശേരി പുത്തലത്തു ഗോവിന്ദൻ | ൩ | 0 | 0 |
| ൭. | തലശ്ശേരി കുഞ്ഞുരാമൻ | ൯ | ൧൬ | 0 |
| ൮. | കാ[illegible]ൻ പൂശാരി | ൭ | 0 | 0 |
| ൯. | തണ്ണീർമുക്കു ചേരമംഗലം കനായപള്ളി വീട്ടിൽ കഞ്ചി കണ്ണൻ പപ്പു | ൭ | 0 | 0 |
| ൧൦. | തലശ്ശേരി ക്ഷേത്രത്തിൽ കൃഷ്ണൻ ശാന്തി | ൨൦ | 0 | 0 |
| ൧൧. | മാവേലിക്കര ലക്ഷ്മണപ്പണിക്കൻ ശേഖര കുഞ്ഞുപണിക്കൻ | ൧൦ | 0 | 0 |
| ൧൨. | വയനാട് വെള്ളയിൽ മലപുറത്തല എക്സൈസ് ഹെഡ് ക്ലർക്ക് ഡി. കെ. ഗോവിന്ദൻ | ൩ | 0 | 0 |
| ൧൩. | കൊല്ലം പെരിനാട്ടു കോയിപ്പുറത്തു സമുദായം വക ടി കാവുവിളയിൽ പീ. ഗോവിന്ദൻ | ൨൧ | 0 | 0 |
| ൧൪. | പെരിനാട്ടു തെക്കെശ്ശേരിയിൽ മുടന്തനഴികത്തു കഴിഞ്ഞുപോയ ഇട്ടിക്കാളി അമ്മയുടെ സ്മാരകമായി ആണ്ടുതോറും കർക്കടക മാസത്തിൽ അമാവാസിദിവസം ഒരു സന്യാസിക്കു ഭക്ഷണം കൊടുക്കുന്നതിലേക്കു ടി യാളുടെ മകൻ അയ്യപ്പൻ കൃഷ്ണൻ ദേവസ്വത്തിൽ സമർപ്പിച്ചിരിക്കുന്നു. | ൩ | ൧൭ | 0 |

സ്വാമിയുടെ ഫോട്ടോ ഇടത്തരത്തിനു രണ്ടു അണയും ചെറിയതിനു ഒരണയും വിലയിൽ കുറവുചെയ്തിരിക്കുന്നു.

# CARNIVAL OF SPORTS AND AMUSEMENTS.

## S. I. A. Association Grounds.

## People's Park, Madras

UNDER THE DISTINGUISHED PATRONAGE

OF

HIS EXCELLENCY THE GOVERNOR

ON THE

27th, 28th, 29th 30th and 31st December 1909

and 1st January 1910.

THE CARNIVAL WILL INCLUDE

SPORTS:—EVERY AFTERNOON FROM 4 TO 6 P. M.

AND

A PYROTECHNIC DISPLAY ON THE 30TH DECEMBER 1909.

His Excellency the Governor attends the Carnival in State on the 31st December 1909 and be present at the Sports that afternoon:

Applications for Boots, Shoes and Entertainments should be made as early as possible to the Honorary Secretary.

# Travancore Co-operative Weaving & Trading Co. Ltd.

"തിരുവിതാംകൂർ സഹകരണ നെയ്ത്തുവാണിജ്യ സംഘം ക്ലിപ്തം."

| രജിസ്റ്റേർഡ് ആഫീസ് | ബ്രാഞ്ചാഫീസ് |
|---|---|
| ബാലരാമപുരം, നെയ്യാറ്റിൻകര. | ചാല, തിരുവനന്തപുരം. |

## മേത്തരം നാടൻതുണികൾ !

---

പുടവ, നേര്യതു, തുപ്പട്ടാ, മുട്ടിമുറി, കട്ടിക്കരവെണ്ണി, ധാവണി, വെള്ളച്ചേല മുതലായി സ്ത്രീകൾക്കും പുരുഷന്മാൎക്കും കുട്ടികൾക്കുമുള്ള എല്ലാത്തരം നാടൻതുണികളും കസവും കരകളുംവച്ചോ വയ്ക്കാതെയോ ആവശ്യക്കാരുടെ ഇഷ്ടമനുസരിച്ചു വിശ്വാസയോഗ്യമായും മിതമായവിലയ്ക്കും ഞങ്ങൾ നെയ്തു കൊടുക്കും.

മേൽവിലാസം
പി. കെ. താണുവൻ
"തിരുവിതാംകൂർ സഹകരണനെയ്ത്തു
വാണിജ്യസംഘം" സിക്രട്ടറി
ചാല, തിരുവനന്തപുരം

P. K- TANUVAN,
SECRETARY
T. C. W. T- Co. Ltd.,
Chalai Bazar, TRIVANDRUM.

---